നം.കെ.എസ്.എ.പി.റ്റി.എ.പി10/1357/2018 തീയ്യതി : 24.10.2018

പത്തനംതിട്ട ജില്ലയിലെ ഏറത്ത് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ ഏറത്ത് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് 01.05.2017 മുതൽ 31.08.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും, രേഖകളുടേയും, വിവരങ്ങളുടേയും, വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ, ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമുണ്ടായിരിക്കുന്നതല്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ശ്രീ. ഹബീബ് മുഹമ്മദ്, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 10.09.2018 മുതൽ 25.09.2018 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരുവിവരം | ശ്രീ. എൻ.പ്രദീപ്കുമാർ, ഓഡിറ്റ് ഓഫീസർ<br>ശ്രീ. അരുൺ പി.ബി, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി രാജശ്രീ സി.ആർ, ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി പ്രസന്ന വിജയകുമാർ | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീ. ബി.എസ്.സുനിൽകുമാർ | 01.04.2017 മുതൽ 06.06.2017 വരെ |
| | ശ്രീ. കെ.രാജ്കുമാർ | 07.06.2017 മുതൽ 31.03.2018 വരെ |

റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

ഭാഗം **1:** പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

ഭാഗം **2:** വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതു പരിശോധനയിലും ഗ്രാമപഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം **3:** ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം **4:** ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

അനുബന്ധം

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്
2. ബാലൻസ് ഷീറ്റ് - 2017-18
3. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് - 2017-18
4. റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് - 2017-18

സൂചിക


| ക്രമനം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം 1: പൊതു അവലോകനം | |
| 1 | ബജറ്റ് | 1-1 |
| 2 | വർക്കിംഗ് ഗ്രൂപ്പുകളുടേയും സ്റ്റാന്റിംഗ് കമ്മിറ്റികളുടേയും പ്രവർത്തനം | 1-2 |
| 3 | വാർഷിക കണക്കുകൾ | 1-3 |
| 4 | വാർഷിക കണക്കിലെ അപാകതകൾ | 1-4 |
| 5 | സാമ്പത്തിക വിശകലനം | 1-5 |
| 6 | ഫണ്ട് വിനിയോഗം | 1-6 |
| 7 | പദ്ധതി അവലോകനം | 1-7 |
| 8 | തനത് വരുമാനം | 1-8 |
| 19 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| | ഭാഗം 2: വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 11 | ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ - രേഖപ്പെടുത്തൽ അപൂർണ്ണം | 2-1 |
| 12 | കടമുറി അന്യായമായി കൈവശപ്പെടുത്തി - വാടകയിനത്തിൽ പഞ്ചായത്തിന് വരുമാന നഷ്ടം | 2-2 |
| 13 | ഭൂരിഭാഗം സ്ഥാപനങ്ങളും പ്രവർത്തിച്ചത് ഗ്രാമപ്പഞ്ചായത്തിന്റെ അനുമതിയില്ലാതെ | 2-3 |
| 14 | കറന്റ് അക്കൗണ്ടിൽ അവശേഷിച്ച തുക പലിശ ലഭിക്കുന്ന അക്കൗണ്ടിലേക്ക് മാറ്റിയില്ല | 2-4 |
| 15 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല | 2-5 |
| 16 | റേഷൻകടകളിൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കിയില്ല | 2-6 |
| 17 | സ്ഥാപനതൊഴിൽ നികുതി ഈടാക്കിയില്ല | 2-7 |
| | ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |

| | | |
|---|---|---|
| 18 | പരുത്തിപ്പാറ പോലീസ് ക്വോർട്ടേഴ്സ് റോഡിൽ ഐറിഷ് ഡ്രെയിൻ - അധിക പ്രതിഫലം നൽകി | 3-1 |
| 19 | കരാറുകാരിൽ നിന്ന് നിയമാനുസൃതം ഫൈൻ ഈടാക്കിയില്ല | 3-2 |
| 20 | പൊതുമരാമത്ത് പ്രവൃത്തികളുടെ ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 3-3 |
| 21 | കരാർ നൽകിയ റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിച്ചില്ല | 3-4 |
| 22 | റോഡ് റീ-കോൺക്രീറ്റിംഗ് പ്രവൃത്തികൾ നടപ്പിലാക്കിയത് സുതാര്യതയില്ലാതെ | 3-5 |
| 23 | അഗതിരഹിതകേരളം - ആക്ഷൻ പ്ലാന് അംഗീകാരം വാങ്ങാഞ്ഞതിനാൽ നടപ്പാക്കാനായില്ല | 3-6 |
| 24 | ഗുണഭോക്തൃവിഹിതം ചെലവഴിക്കാതെ പദ്ധതി വിഹിതം പൂർണ്ണമായി ചെലവഴിച്ചു | 3-7 |
| 25 | പാലിയേറ്റീവ് പരിചരണത്തിന് വാഹനം - ക്വട്ടേഷൻ ക്ഷണിച്ചതിൽ അപാകത | 3-8 |
| 26 | വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം - നിർവ്വഹണത്തിലെ അപാകതകൾ | 3-9 |
| 27 | തെരുവ് വിളക്കുകൾക്ക് മീറ്റർ - പദ്ധതി ഫലപ്രാപ്തിയിലെത്തിയില്ല | 3-10 |
| 28 | പഞ്ചായത്ത് ഓഫീസിലേക്ക് പുതിയ വാഹനം വാങ്ങൽ - പഴയ വാഹനം കണ്ടം ചെയ്തിട്ടില്ല | 3-11 |
| 29 | കരാറില്ലാതെ ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തുക നിക്ഷേപിച്ചു | 3-12 |
| 30 | ഡെപ്പോസിറ്റ് വർക്കുകളിൽ വാട്ടർ അതോറിറ്റി സെന്റേജ് ചാർജ്ജ് ചുമത്തുന്നു | 3-13 |
| 31 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി- ഗുണഭോക്താക്കൾക്ക് അർഹമായ ആനുകൂല്യം നിഷേധിച്ചു | 3-14 |
| 32 | പ്രവർത്തിക്കുന്ന കുടിവെള്ളടാപ്പുകൾ കണക്കാക്കാതെ വാട്ടർ ചാർജ് ഒടുക്കിവരുന്നു | 3-15 |
| 33 | ആയുർവ്വേദ ഡിസ്പെൻസറിയ്ക്ക് മരുന്നു വാങ്ങൽ - മരുന്ന് പൂർണ്ണമായും ലഭ്യമായില്ല | 3-16 |
| 34 | ഗുണഭോക്തൃലിസ്റ്റിന് ഗ്രാമസഭയുടെ അംഗീകാരം വാങ്ങിയില്ല | 3-17 |
| 35 | അംഗനവാടികളിലെ ഭക്ഷണ വിതരണത്തിന്റെ സുതാര്യത<br><br>പരിശോധിക്കപ്പെടുന്നില്ല | 3-18 |
| | ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും | |
| 36 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 37 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ | 4-2 |

| | | |
|---|---|---|
| | വിവരങ്ങൾ | |
| 38 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത് | 4-3 |
| 39 | വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം | 4-4 |
| 40 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 41 | ഓഡിറ്റ് റിക്കവറി | 4-6 |
| 42 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 43 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 44 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ബജറ്റ് സംബന്ധിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| ബജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പാസ്സാക്കിയ തീയ്യതി | 20.03.2017 |
| ബജറ്റ് ജനറൽ കമ്മറ്റി പാസ്സാക്കിയ തീയ്യതി | 21.03.2017 |
| റിവൈസ്ഡ് ബജറ്റ് അംഗീകരിച്ച തീയ്യതി | 21.02.2018 |

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പിന്റെ ഉപവകുപ്പ് 1 പ്രകാരം വിശദമായ ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനവരി 15-ന് മുൻപ് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ, സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരും നൽകുന്ന എസ്റ്റിമേറ്റും, നിർദ്ദേശങ്ങളും പരിഗണിച്ച് തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്. ഉപവകുപ്പ് 1(എ) പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ബജറ്റ് തയ്യാറാക്കി മാർച്ച് മാസത്തിലെ ആദ്യ ആഴ്ച കഴിയുന്നതിന് മുൻപ് പഞ്ചായത്ത് യോഗത്തിൽ സമർപ്പിക്കണം. എന്നാൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ 20.03.2017-ലും ജനറൽ കമ്മിറ്റിയിൽ 21.03.2017-ലുമാണ് ബജറ്റ് പാസ്സാക്കിയിട്ടുള്ളത്.

ഒരു സാമ്പത്തികവർഷം സ്ഥാപനത്തിന് ലഭിക്കാനുള്ള വരവിനങ്ങളുടെയും പ്രതീക്ഷിത ചെലവുകളുടെയും സമഗ്രമായ ഒരു രേഖയായിരിക്കണം ബജറ്റ്. എന്നാൽ ഇപ്രകാരം ചെയ്യാതിരുന്നതിനാൽ ബജറ്റിൽ വിഭാവനം ചെയ്തിരുന്ന വരവ് തുകകളും യഥാർത്ഥത്തിലുള്ള വരവ് തുകകളും തമ്മിൽ വലിയ അന്തരമുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് നിർദ്ദേശം | യഥാർത്ഥ വരവ് | വ്യത്യാസം |
|---|---|---|---|
| വസ്തുനികുതി | 7500000 | 7152206 | 347794 |
| പെർമിറ്റ് ഫീ | 300000 | 107831 | 192169 |
| തൊഴിൽനികുതി | 6000000 | 4627620 | 1372380 |
| ഡി ആന്റ് ഒ ലൈസൻസ് ഫീ | 300000 | 135650 | 164350 |
| പരസ്യനികുതി | 17500 | 0 | 17500 |
| വാടക | 200000 | 180301 | 19699 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവുകളും യഥാർത്ഥ വരവ് ചെലവുകളുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം |
|---|---|---|---|

| | | | |
|---|---|---|---|
| മുന്നിരിപ്പ് | 6255561 | 12431177 | 6175616 |
| വരവ് | 183526500 | 92165725 | (-)91360775 |
| ആകെ | 189782061 | 104596902 | (-)85185159 |
| ചെലവ് | 184322350 | 92105113 | (-)92217237 |
| നീക്കിയിരിപ്പ് | 5459711 | 12491789 | 7032078 |

സ്ഥാപനത്തിന് ലഭിക്കാൻ സാദ്ധ്യതയുള്ള വരവുകളും, സ്ഥാപനത്തിൽ ഉണ്ടാകാൻ സാദ്ധ്യതയുള്ള ചെലവിനങ്ങളും കൃത്യമായി വിലയിരുത്തി യുക്തിസഹമായി ബജറ്റ് തയ്യാറാക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വർക്കിംഗ് ഗ്രൂപ്പുകളുടേയും സ്റ്റാന്റിംഗ് കമ്മിറ്റികളുടേയും പ്രവർത്തനം

എ) സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനം

1) ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി

നികുതി നികുതിയേതര വരവ് ഇനങ്ങളുടെ ഡിമാന്റിന്റേയും പിരിവിന്റെയും കൃത്യത പരിശോധിച്ച് ഉറപ്പുവരുത്തുക, പുതിയ റവന്യൂ വരവുകൾ കണ്ടെത്താൻ നടപടി സ്വീകരിക്കുക, നികുതി പിരിവ് കാര്യക്ഷമമാക്കുക, രേഖകളുടെയും, രജിസ്റ്ററുകളുടെയും കൃത്യമായ സൂക്ഷിപ്പ് ഉറപ്പുവരുത്തുക, പ്രതിമാസ വരവ് ചെലവ് അക്കൗണ്ടുകൾ പരിശോധിച്ച് അംഗീകരിക്കുക എന്നിവ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിൽപ്പെടുന്നു. കൂടാതെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് പദ്ധതിയുടെ വിഭവസ്രോതസ്സുകൾ കണ്ടെത്തുക, അടങ്കൽ യുക്തിസഹമായി നിശ്ചയിക്കുക, പദ്ധതിക്കണക്കുകൾ കൃത്യമായും ചിട്ടയായും തയ്യാറാക്കുക, പൊതുഭരണം മെച്ചപ്പെടുത്തുന്നതിന് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട പ്രോജക്ടുകൾ ശുപാർശ ചെയ്യുക, ശുപാർശ ചെയ്ത പ്രകാരം തയ്യാറാക്കിയ പ്രോജക്ടുകളുടെ കൃത്യതയും നിയമസാധുതയും ഉറപ്പുവരുത്തി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി അംഗീകരിച്ച് ഭരണസമിതിക്ക് ശുപാർശ ചെയ്യുക എന്നിവ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ ചുമതലകളാണ്.

വസ്തു നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിൽ ഫലപ്രദമായ ഇടപെടൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ട്. രജിസ്റ്ററുകളുടെയും രേഖകളുടെയും കൃത്യമായ സൂക്ഷിപ്പ് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തുന്നില്ല. ഉദാഹരണമായി, ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ, അനധികൃത കെട്ടിടങ്ങളുടെ ക്രമവൽക്കരണം സംബന്ധിച്ച രജിസ്റ്റർ എന്നിവയിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണമാണ്. പൊതുമരാമത്ത് പ്രവൃത്തികളുടെ ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നുമില്ല. തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ്, പൊതുടാപ്പുകളുടെ കുടിവെള്ള ചാർജ്ജ് എന്നീയിനങ്ങളിൽ തുടരുന്ന ഭീമമായ ചെലവ് ഒഴിവാക്കാൻ കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുവാൻ കഴിഞ്ഞിട്ടില്ല. ഈ വിഷയങ്ങളിൽ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്തു നിന്ന് അടിയന്തിര ഇടപെടൽ ഉണ്ടാകേണ്ടതാണ്.

2) ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി

പട്ടികജാതി പട്ടികവർഗ്ഗ വികസനം, സ്ത്രീകളുടെയും കുട്ടികളുടെയും വികസനം, സാമൂഹ്യക്ഷേമം, സാമൂഹ്യസുരക്ഷാ പ്രവർത്തനം, ദാരിദ്യനിർമ്മാർജ്ജനം എന്നീ മേഖലകൾ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലാപരിധിയിൽ വരുന്ന വിഷയങ്ങളാണ്. ദാരിദ്ര്യ ലഘൂകരണം, സാമൂഹ്യ ക്ഷേമം, പട്ടിക ജാതി വികസനം, സ്ത്രീകളുടെയും കുട്ടികളുടെയും വികസനം എന്നീ വർക്കിംഗ് ഗ്രൂപ്പുകളാണ് ഈ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കീഴിൽ വരുന്നത്.

ഓഡിറ്റ് വർഷം ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 22 പ്രാവശ്യം യോഗം ചേർന്നിട്ടുണ്ട്. എന്നാൽ മിക്കവാറും യോഗങ്ങളിലും വിവിധ സാമൂഹ്യസുരക്ഷാ പെൻഷനുകൾ അനുവദിക്കുന്നതിനുള്ള ഗുണഭോക്താക്കളെപ്പറ്റിയുള്ള ചർച്ച മാത്രമാണ് നടക്കുന്നത്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കീഴിൽ വരുന്ന നിർവ്വഹണ ഉദ്യോഗസ്ഥർ, നിർവ്വഹണ കലണ്ടർ പ്രകാരം പ്രോജക്ട് നിർവ്വഹണം നടത്തുന്നുണ്ടോയെന്ന് പരിശോധിച്ച് ഭരണസമിതിക്ക് ശുപാർശ ചെയ്യേണ്ടതും കമ്മിറ്റിയുടെ ചുമതലയിൽ വരുന്നതാണ്. എന്നാൽ ഇത്തരത്തിലൊരു വിലയിരുത്തൽ നടത്തുന്നില്ല. മേഖലാ ചുമതലയിൽപ്പെട്ട പദ്ധതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കാര്യക്ഷമമായ ഇടപെടൽ ക്ഷണിക്കുന്നു.

ബി) പദ്ധതി മോണിട്ടറിംഗ് കാര്യക്ഷമമല്ല

ഒരു പദ്ധതിയ്ക്ക് അംഗീകാരം ലഭിച്ച് നിർവ്വഹണം തുടങ്ങിയാൽ നിർവ്വഹണാരംഭം മുതൽ നിർവ്വഹണാവസാനം വരെ ആയത് മോണിട്ടറിംഗ് നടത്തേണ്ടതുണ്ട്. പദ്ധതികളുടെ നിർവ്വഹണ ഘട്ടത്തിൽ വർക്കിംഗ് ഗ്രൂപ്പുകളാണ് മോണിട്ടറിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടത്. എന്നാൽ വർക്കിംഗ് ഗ്രൂപ്പുകൾ ശരിയായ രീതിയിൽ പദ്ധതികളുടെ നിർവ്വഹണം മോണിട്ടറിംഗ് നടത്തിയിട്ടില്ല. പദ്ധതികളുടെ നിർവ്വഹണം പൂർത്തീകരിച്ചു കഴിഞ്ഞാൽ വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കേണ്ടതും ഇവ സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് കൈമാറേണ്ടതും സ്റ്റാന്റിംഗ് കമ്മിറ്റികൾ ഇവ വിശദമായി പരിശോധിച്ച് വിലയിരുത്തേണ്ടതുമാണ്. എന്നാൽ ഇത്തരത്തിലുള്ള നടപടികൾ ഉണ്ടായിട്ടുള്ളതായി മിനിട്സ് ബുക്കുകൾ പരിശോധിച്ചതിൽ ബോധ്യപ്പെട്ടിട്ടില്ല.

## 1-3 വാർഷിക കണക്കുകൾ

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2018 | 25.05.2018 |

## 1-4 വാർഷിക കണക്കിലെ അപാകതകൾ

വസ്തുനികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ ധനകാര്യപത്രികയിലെ I-1, RP-43, B-15 എന്നീ ഷെഡ്യൂളുകളിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല. മറ്റ് അപാകതൾ എല്ലാം പരിഹരിച്ചിട്ടുണ്ട്.

## 1-5 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 12431177 |
| വരവ് | 92165725 |
| ആകെ | 104596902 |
| ചെലവ് | 92105113 |
| നീക്കിബാക്കി | 12491789 |

## 1-6 ഫണ്ട് വിനിയോഗം

| ഫണ്ടിനം | അലോട്ട്മെന്റ് | *തൻവർഷ വരവ്* | *ചെലവ്* | *നീക്കിബാക്കി* | ചെലവ് ശതമാനം |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 14453000 | 13007841 | 13007841 | 1445159 | 90 |
| എസ്.സി.പി | 10221755 | 8186194 | 8186194 | 2035561 | 80 |
| റ്റി.എസ്.പി | 0 | 0 | 0 | 0 | 0 |
| സി.എഫ്.സി ഗ്രാന്റ് | 6787661 | 3896643 | 3896643 | 2891018 | 57 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 40206639 | 31998164 | 31998164 | 8208475 | 79 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 3170000 | 2090341 | 2090341 | 1079659 | 66 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 9094000 | 9094000 | 9094000 | 0 | 100 |

## 1-7 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 249 | 177 | 0 | 72 | 70.6 % |

പദ്ധതി നിർവ്വഹണ വിവരങ്ങൾ

| വികസന മേഖല | അംഗീകരിച്ച പ്രോജക്ടുകൾ | | നടപ്പാക്കിയ പ്രോജക്ടുകൾ | | |
|---|---|---|---|---|---|
| | എണ്ണം | അകെ തുക | എണ്ണം | ചെലവ് തുക | ചെലവ് % |
| ഉല്പാദനം | 20 | 9455580 | 18 | 6573064 | 69.5 |
| സേവനം | 64 | 28708938 | 47 | 17705288 | 61.6 |
| പശ്ചാത്തലം | 165 | 89227171 | 112 | 42530362 | 47.6 |
| ആകെ | 249 | 127391689 | 177 | 66808714 | 52.4 |

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പദ്ധതികൾ | നടപ്പാക്കിയ പദ്ധതികൾ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 30 | 20 | 12420270 | 5803961 | 46.7 |
| അസിസ്റ്റന്റ് സെക്രട്ടറി | 9 | 8 | 3911600 | 2155460 | 55.1 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 170 | 113 | 84240396 | 39542944 | 46.9 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 3 | 3 | 1394600 | 1071055 | 76.8 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 1 | 1 | 300000 | 300000 | 100 |
| വി.ഇ.ഒ | 9 | 6 | 9322500 | 4657500 | 49.9 |
| ICDS സൂപ്പർവൈസർ | 5 | 4 | 3966600 | 3575078 | 90.1 |
| കൃഷി ഓഫീസർ | 8 | 8 | 1476580 | 760036 | 51.4 |
| വെറ്ററിനറി സർജൻ | 7 | 7 | 5927000 | 5064500 | 85.4 |
| HM ഗവ. എൽപിഎസ് | 6 | 6 | 3882143 | 3628180 | 93.4 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 550000 | 250000 | 45.4 |
| ആകെ | 249 | 177 | 127391689 | 66808714 | 52.4 |

## 1-8 തനത് വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 8965560 | 12099727 | 3134167 | 34.9 |
| നികുതിയേതര വരവുകൾ | 1207494 | 1313307 | 105813 | 8.7 |
| മറ്റ് വരവുകൾ | 473200 | 12309 | 460891 | (-)97.3 |

| | | | | |
|---|---|---|---|---|
| ആകെ | 10646254 | 13425343 | 3700871 | 34.7 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.09.2018ന് 03.00 PM ന് സ്ഥാപനത്തിലെ ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 2,23,739 രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് പുറപ്പെടുവിച്ച തീയ്യതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 14.08.2018 | ജൂലൈ -2018 | 14.08.2018 |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 07.10.2011 | 2010-11 | 21.02.2012 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ - രേഖപ്പെടുത്തൽ അപൂർണ്ണം

പെർമിറ്റിനായുള്ള അപേക്ഷകളുടേയും പെർമിറ്റ് ഫീസിന്റേയും വിവരങ്ങൾ മാത്രമാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. കെട്ടിടങ്ങൾ പൂർത്തീകരിച്ച് കെട്ടിട നമ്പർ നൽകിയതായോ പെർമിറ്റ് പുതുക്കിയതിന്റെ ഫീസ് ഈടാക്കിയതായോ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. നിർമ്മാണം പൂർത്തീകരിച്ച് കെട്ടിട നമ്പർ നൽകിയ അപേക്ഷകൾ പെർമിറ്റ് രജിസ്റ്ററിൽ ക്ലോസ് ചെയ്യുന്നുമില്ല. കെട്ടിട നിർമ്മാണ പെർമിറ്റിനും അവയുടെ പൂർത്തീകരണ റിപ്പോർട്ടിനും പ്രത്യക ഫയലുകൾ സൂക്ഷിക്കുന്നത് ക്രമപ്രകാരമല്ല. നിർമ്മാണം പൂർത്തിയായ കെട്ടിടങ്ങളുടെ അസസ്സ്മെന്റ് നമ്പർ, പൂർത്തീകരിച്ച തീയതി തുടങ്ങിയ വിവരങ്ങൾ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. ആയതിനാൽ നിർമ്മാണം പൂർത്തിയായ മുഴുവൻ കെട്ടിടങ്ങൾക്കും ബാധകമായ നിരക്കിൽ വസ്തുനികുതി ഈടാക്കിയിട്ടുണ്ടോയെന്നും പെർമിറ്റ് പുതുക്കാതെ അനധികൃതമായി കെട്ടിടനിർമ്മാണം നടക്കുന്നുണ്ടോയെന്നും പരിശോധിച്ച് ഉറപ്പു വരുത്താനാകാത്ത സ്ഥിതിയാണുള്ളത്. രജിസ്റ്ററിലെ രേഖപ്പെടുത്തൽ പൂർണ്ണമാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ അടിയന്തിര ഇടപെടൽ ഉണ്ടാകേണ്ടതാണ്.

## 2-2 കടമുറി അന്യായമായി കൈവശപ്പെടുത്തി - വാടകയിനത്തിൽ പഞ്ചായത്തിന് വരുമാന നഷ്ടം

ഗ്രാമപഞ്ചായത്തു വക ഷോപ്പിംഗ് കോംപ്ലക്സിലെ 3/491 നമ്പർ കടമുറിയുടെ 2016-17 ലെ ലേല അവകാശം കൊണ്ട ആൾ മരണപ്പെട്ടതിനാൽ ലേലം റദ്ദായിരുന്നു. പ്രസ്തുത കടമുറി ലേലം കൊള്ളാതെ തന്നെ ടിയാന്റെ കുടുംബാംഗങ്ങൾ കൈവശം വെച്ച് വരുന്നതായും ടി കടമുറിയുടെ വാടകയിനത്തിൽ ലഭിക്കേണ്ടതുക പഞ്ചായത്തിന് നഷ്ടപ്പെടുന്നതായും രേഖകൾ വ്യക്തമാക്കുന്നു. കടമുറിയിൽ നിന്നും ടിയാളെ (ശ്രീമതി.അന്നമ്മ ബേബി ,അജി ഭവനം) ഒഴിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾക്കെതിരെ ബഹു. ഹൈക്കോടതി മുഖേന സ്റ്റേ ഉത്തരവ് വാങ്ങിയിട്ടുണ്ട്. ഇത് സംബന്ധിച്ച തുടർ നടപടികളുടെ വിവരം ആരാഞ്ഞുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിയ്ക്ക് ( നംപർ.11 തീയതി 17.09.18) മറുപടിയായി ഗ്രാമപഞ്ചായത്ത് ഇതിനെതിരെ എതിർ സത്യവാങ്മൂലം ഫയൽ ചെയ്ത് കേസ് നടത്തി വരികയാണെന്നും അന്തിമവിധി ഉണ്ടാകുന്നമുറയ്ക്ക് കടമുറി ഒഴിപ്പിച്ച് പുനർലേലം ചെയ്യുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഗ്രാമപ്പഞ്ചായത്തിന്റെ താൽപര്യം സംരക്ഷിക്കുംവിധം കേസിന്മേൽ തീർപ്പുണ്ടാക്കുന്നതിന് തുടർനടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 2-3 ഭൂരിഭാഗം സ്ഥാപനങ്ങളും പ്രവർത്തിച്ചത് ഗ്രാമപ്പഞ്ചായത്തിന്റെ അനുമതി ഇല്ലാതെ

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കാനുള്ള അപേക്ഷ സാമ്പത്തികവർഷം അവസാനിക്കുന്നതിന് മുപ്പതു ദിവസം മുൻപ് സമർപ്പിക്കേണ്ടതാണ്. എന്നാൽ ഈ നിർദ്ദേശം പാലിക്കപ്പെട്ടില്ല. ഡി ആന്റ് ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം 2017-18 ൽ 307 സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്. എന്നാൽ 12പേർ മാത്രമാണ് സമയക്രമം പാലിച്ചുകൊണ്ട് അപേക്ഷ നൽകിയത്. ഇതിൽ നിന്നും 01.04.2017 മുതൽ ലൈസൻസ് എടുക്കുന്നത് വരെ പഞ്ചായത്തിന്റെ അനുമതി ഇല്ലാതെയാണ് മിക്ക സ്ഥാപനങ്ങളും പ്രവർത്തിച്ചിരുന്നത് എന്ന് വ്യക്തമാണ്. നിയമത്തിലും ചട്ടങ്ങളിലും നിഷ്കർഷിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ സ്ഥാപനങ്ങൾ തൊട്ടടുത്ത വർഷത്തെ ലൈസൻസ് എടുക്കുന്നുണ്ടെന്നും അനുമതി ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നും പഞ്ചായത്തധികൃതർ ഉറപ്പുവരുത്തേണ്ടതാണ്. സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുൻപ് തന്നെ ലൈസൻസ് പുതുക്കാനുള്ള അപേക്ഷകൾ നൽകാൻ നിർദ്ദേശിക്കേണ്ടതും വാർഡ്തല ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതിന്റെ അടിസ്ഥാനത്തിൽ എല്ലാ വ്യാപാരസ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

## 2-4 കറന്റ് അക്കൗണ്ടിൽ അവശേഷിച്ച തുക പലിശ ലഭിക്കുന്ന അക്കൗണ്ടിലേക്ക് മാറ്റിയില്ല

ഓൺലൈൻ ഇടപാടുകൾക്കായി എസ്.ബി.ഐ. അടൂർ (അക്കൗണ്ട് നം.37196700027) -ൽ തുടങ്ങിയ കറന്റ് അക്കൗണ്ടിൽ 04.09.18 തീയതി വരെ 67359 രൂപ അവശേഷിക്കുന്നുണ്ട്. തുക കറന്റ് അക്കൗണ്ടിൽ കിടക്കുന്നതിനാൽ പലിശയിനത്തിൽ പഞ്ചായത്തിന് നഷ്ടം സംഭവിക്കുന്നു. ആയതിനാൽ നിശ്ചിത ഇടവേളകളിൽ മിനിമം ബാലൻസ് നിലനിർത്തി കറന്റ് അക്കൗണ്ടിലെ തുക പലിശ ലഭിക്കുന്ന തനത്ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റി ഇടേണ്ടതാണ്.

## 2-5 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല

ഗ്രാമപ്പഞ്ചായത്തിൽ തൻവർഷം പൊതുമരാമത്ത് പ്രവൃത്തികൾ ചെയ്ത കരാറുകാരിൽനിന്നും പ്രവൃത്തികളുടെ ലാഭവിഹിതം ഇനത്തിലുള്ള അർദ്ധവാർഷിക വരുമാനത്തെ അടിസ്ഥാനമാക്കി തൊഴിൽനികുതി ഈടാക്കിയില്ല. കരാറുകാരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമനം. | പേര് | മേൽവിലാസം |
|---|---|---|
| 1 | അജി കുമാർ | അജിഭവനം, മണക്കാല |
| 2 | കുഞ്ഞുമോൻ ഡാനിയേൽ | ഉഷസ്സ്, ഏനാത്ത് |
| 3 | ബിനു തോമസ് | തൈവിളയിൽപുത്തൻ വീട്, വയല(പി.ഒ),പറക്കോട് |
| 4 | ഷിബു വർഗ്ഗീസ് | ഷിബു ഭവനം, കൈതപ്പറമ്പ് |
| 5 | ബെന്നി കെ. ഒ. | ആശാഭവനം, തുവയൂർ സൗത്ത് |
| 6 | വി. രാമചന്ദ്രക്കുറുപ്പ് | ശ്രീവത്സം, പറക്കോട് |
| 7 | സാംസൺ ശാമുവേൽ | ബിജോ സദനം, മണ്ണടി |
| 8 | ബിജു എം. | താജ് ഭവനം, പഴകുളം |
| 9 | എം.ജി.രവീന്ദ്രൻ | കൊണ്ടൂർ കുന്നിൻ വിളയിൽ, മണക്കാല |
| 10 | കമറുദ്ദീൻ | മുണ്ടുതറയിൽ, പഴകുളം |
| 11 | ഹരിദാസ് ജി. | മാമനവിളയിൽ, അടൂർ |
| 12 | പുഷ്പാംഗദൻ കെ. | നാരായണവിലാസം, ചൂരക്കോട് |
| 13 | കെ.ജെ.ബിജു | കരകാലിൽ, പെരിങ്ങനാട് (പി.ഒ) |
| 14 | രാജു തോമസ് | പ്ലാമ്പറമ്പിൽ ഹൗസ്, മാത്തൂർ |

| | | |
|---|---|---|
| 15 | കുര്യൻ കോശി | കളത്തൂർ മേലേതിൽ, മലമേക്കര, അടൂർ(പി.ഒ.) |

കരാറുകാർ മറ്റേതെങ്കിലും പഞ്ചായത്തിൽ തൊഴിൽനികുതി അടച്ചിട്ടുണ്ടെങ്കിൽ അതിന്റെ രസീത് ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം അവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

## 2-6 റേഷൻകടകളിൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കിയില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി&ഒ ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ പൊതുവിതരണവകുപ്പിന്റെ പൊതുവിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളേയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ കടകൾ ഒന്നും തന്നെ ലൈസൻസ് എടുക്കുന്നില്ല. പഞ്ചായത്ത് പരിധിയിലെ എല്ലാ റേഷൻകടകളിൽ നിന്നും ഡി.&ഒ. ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 2-7 സ്ഥാപനതൊഴിൽ നികുതി ഈടാക്കിയില്ല

ചുവടെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും തൻവർഷം സ്ഥാപന തൊഴിൽനികുതി ഈടാക്കിയില്ല.

| | |
|---|---|
| 1 | ബി.എസ്.എൽ. കിളിവയൽ |
| 2 | പത്തനംതിട്ട ജില്ലാ സഹകരണ ബാങ്ക്, കിളിവയൽ |
| 3 | സ്കോർപിയോ ടൈൽസ്, വടക്കടത്തുകാവ് |
| 4 | സെന്റ് മേരീസ് ക്ലിനിക്, കിളിവയൽ |
| 5 | ഓട്ടോ ക്ലബ്, വടക്കടത്തുകാവ് |
| 6 | തുവയൂർ വടക്ക് ക്ഷീരസംഘം |
| 7 | പുതുശ്ശേരിഭാഗം ക്ഷീരസംഘം |

പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും തൻവർഷത്തെ സ്ഥാപന തൊഴിൽനികുതി ഈടാക്കിയശേഷം അറിയിക്കേണ്ടതാണ്.

എ) തൊഴിൽനികുതിയുടെ രജിസ്റ്റർ സൂക്ഷിക്കുന്നതിലെ അപാകതകൾ

വ്യാപാരസ്ഥാപനങ്ങളിൽ നിന്ന് പിരിച്ചെടുക്കാൻ ബാക്കിയായ സ്ഥാപനതൊഴിൽ നികുതിയുടെ വിവരം കുടിശ്ശിക ഡിമാന്റ് രജിസ്റ്ററിൽ ചേർക്കുന്നില്ല. നികുതി ലഭിക്കുന്നതിനനുസൃതമായിട്ടാണ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നത്. ആയതിനാൽ ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്നാണ് മുൻവർഷത്തേതുൾപ്പെടെ സ്ഥാപനതൊഴിൽനികുതി പിരിച്ചെടുക്കാനുള്ളത് എന്നതിൽ വ്യക്തതയില്ല. നികുതിച്ചുമത്താവുന്ന സ്ഥാപനങ്ങളുടേയും വ്യക്തികളുടേയും പേര് വിവരങ്ങൾ അടങ്ങിയ അസ്സസ്സ്മെന്റ് രജിസ്റ്റർ (1996 ലെ കേ.പ.രാ.തൊഴിൽ നികുതി ചട്ടങ്ങൾ - ചട്ടം 18(2)) ഫോറം 5-മാതൃകയിൽ സൂക്ഷിക്കേണ്ടതാണ് എന്നിരിക്കെ ആയത് പാലിച്ചിട്ടില്ല. കുടിശ്ശിക ഡിമാന്റ് രജിസ്റ്ററിൽ വ്യാപാരസ്ഥാപനങ്ങളുടെ വിവരം കൂടി ചേർക്കേണ്ടതും അസ്സസ്സ്മെന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പരുത്തിപ്പാറ പോലീസ് ക്വോർട്ടേഴ്സ് റോഡിൽ ഐറിഷ് ഡ്രെയിൻ - അധിക പ്രതിഫലം നൽകി

നിർവ്വഹണം - അസിസ്റ്റന്റ് എഞ്ചിനീയർ

ഐറിഷ് ഡ്രെയിൻ യഥാർത്ഥത്തിൽ ചെയ്ത നീളത്തേക്കാൾ അധികം അളവ് രേഖപ്പെടുത്തി കരാറുകാരന് അധിക പ്രതിഫലം നൽകി.

പരുത്തിപ്പാറ പോലീസ് ക്വോർട്ടേഴ്സ് റോഡിൽ സംരക്ഷണഭിത്തിയും ഐറിഷ് ഡ്രെയിനും നിർമ്മിക്കുന്നതിന് 1403000 രൂപ അടങ്കൽ വകയിരുത്തി തൻവർഷം പദ്ധതി (SO174/18) നടപ്പാക്കിയിരുന്നു. എസ്റ്റിമേറ്റിനേക്കാൾ 18.76% കുറവ് നിരക്ക് ക്വോട്ട്

ചെയ്ത ശ്രീ. ബിനു തോമസിനെ ആയിരുന്നു കരാർ ഏൽപിച്ചിരുന്നത്. ( ക്വോട്ട് ചെയ്ത തുക – 1139859.61 )റോഡിന് സംരക്ഷണഭിത്തി (ഡി.ആർ കെട്ട്) നിർമ്മാണം 56.85 മീറ്റർ നീളത്തിലും ഐറിഷ് ഡ്രെയിൻ രണ്ട് വശങ്ങളിലുമായി ആകെ 455.1 മീറ്റർ നീളത്തിലും (ഓരോ വശവും യഥാക്രമം 254.4 m, 200.7 m നീളത്തിൽ) ചെയ്തതായി അളവുകൾ രേഖപ്പെടുത്തിയ പ്രവൃത്തിയുടെ ആകെ മൂല്യം 1135310 രൂപ ആണ് (എം.ബുക്ക് നംപർ 103/18, ബിൽ നംപർ 61/24-1-18 1135310 രൂപ).

ഇതേ റോഡിൽത്തന്നെ ഐറിഷ് ഡ്രെയിൻ നിർമ്മിക്കുന്നതിന് ഒരു സ്പിൽ ഓവർ പ്രോജക്ട് (SO32/18) കൂടി തൻവർഷം നടപ്പാക്കിയിരുന്നു. എസ്റ്റിമേറ്റിനേക്കാൾ 28.36% കുറവ് നിരക്ക് ക്വോട്ട് ചെയ്ത ശ്രീ. കമറുദ്ദീൻ. എൻ - നെയാണ് കരാർ ഏൽപിച്ചിരുന്നത് (ക്വോട്ട് ചെയ്ത തുക – 372508 ). റോഡിന്റെ ഇടതുവശം 276.05 മീറ്റർ നീളത്തിൽ ഐറിഷ് ഡ്രെയിൻ ചെയ്തതായി അളവുകൾ രേഖപ്പെടുത്തിയ പ്രവൃത്തിയുടെ ആകെ മൂല്യം 371100 രൂപ ആണ് (എം.ബുക്ക് നംപർ 62/17, ബിൽ നംപർ 12/30-9-17 371100രൂപ).

മേൽസൂചിപ്പിച്ച രണ്ട് പ്രവൃത്തികളിലായി പ്രസ്തുത റോഡിൽ ആകെ 731.15 മീറ്റർ നീളത്തിൽ (455.1 m +276.05 m) ഐറിഷ് ഡ്രെയിൻ ചെയ്തതായാണ് അളവ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ, അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ ഭൗതികപരിശോധനയിൽ, പ്രസ്തുത രണ്ട് പ്രവൃത്തികളിലായി ആകെ 725 മീറ്റർ നീളത്തിലാണ് ഐറിഷ് ഡ്രെയിൻ ചെയ്തിട്ടുള്ളത് എന്ന് അളന്ന് നോക്കിയതിൽ ബോദ്ധ്യപ്പെട്ടു. യഥാർത്ഥത്തിൽ ചെയ്തതിനേക്കാൾ 6.15 മീറ്റർ നീളം ഐറിഷ് ഡ്രെയിൻ ചെയ്തതിന്റെ പ്രതിഫലത്തുക അധികമായി ഈ രണ്ട് പ്രവൃത്തികളിലുമായി കരാറുകാർക്ക് നൽകിയിട്ടുണ്ട്.

പ്രവൃത്തി ചെയ്ത റോഡിന്റെ ചെയിനേജ് എം.ബുക്കിൽ രേഖപ്പെടുത്താത്തതിനാൽ ഓരോ പ്രവൃത്തി ഇനത്തിലും ഐറിഷ് ഡ്രെയിൻ ചെയ്ത നീളം ഓഡിറ്റിന് പ്രത്യേകമായി കണക്കാക്കാനായില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.19/24.09.18) മറുപടി ലഭ്യമാക്കിയില്ല. ആയതിന്മേൽ എക്സി.എഞ്ചിനീയർ വകുപ്പുതലത്തിൽ വിശദമായ അന്വേഷണം നടത്തേണ്ടതും, പ്രവൃത്തി സംബന്ധിച്ച അപാകതകളിന്മേൽ തുടർനടപടി സ്വീകരിക്കുവാനും ഓഡിറ്റ് ശുപാർശ ചെയ്യുന്നു. തുടർ നടപടിയുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-2 കരാറുകാരിൽ നിന്ന് നിയമാനുസൃതം ഫൈൻ ഈടാക്കിയില്ല

2017-18 സാമ്പത്തിക വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികൾക്ക് പൊതുമരാമത്ത് മാനുവലിലെ ചുവടെ ചേർക്കുന്ന വ്യവസ്ഥകൾ പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല. കരാർ കാലാവധിയ്ക്കകം (കാലയളവിന്റെ 20% ഗ്രേസ് പീരീഡ് നൽകിയ ശേഷവും) പൂർത്തീകരിക്കാത്ത പ്രവൃത്തികളുടെ ബിൽ തുകയിൽ നിന്നും ഫൈൻ ഈടാക്കേണ്ടതാണെന്ന് 2012-ലെ കേരള പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2112.1 പ്രകാരം നിഷ്കർശിച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി മുതൽ ആദ്യത്തെ മൂന്ന് മാസം കരാർ തുകയുടെ 1% നിരക്കിലും തുടർന്നുള്ള ഓരോ മൂന്ന് മാസവും 2% നിരക്കിലും ആണ് ഫൈൻ ഈടാക്കേണ്ടത്. എന്നാൽ ഇപ്രകാരം നിയമാനുസൃതം ഫൈൻ ഈടാക്കാതെ കരാറുകാർക്ക് അധിക പ്രതിഫലം നൽകിയ പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര്, കരാറുകാരൻ, പ്രോജക്ട് നമ്പർ, ക്വോട്ട് ചെയ്ത തുക | എഗ്രിമെന്റിൽ ഏർപ്പെട്ട് പ്രവൃത്തി സ്ഥലം കൈമാറിയ/ പൂർത്തീകരിക്കേണ്ട തീയതികൾ | പ്രവൃത്തിമൂല്യം, പൂർത്തീകരിച്ച തീയതി, ബിൽ നംപർ/തീയതി | ഫൈൻ ഈടാക്കേണ്ടത് | ഫൈൻ ഈടാക്കിയത് | കുറവ് |
|---|---|---|---|---|---|---|
| 1 | വടക്കടത്തുകാവ് - വെള്ളക്കുളങ്ങര റോഡിൽ ഓട നിർമ്മാണം<br>SO21/18(SO70/17)<br>അജികുമാർ.ആർ<br>1675459 | 2-3-2017<br>01-06-17 | 1210199<br>25-5-18<br>ബിൽ നം 108/28-3-18 874263<br>ബിൽ നം. 14/10-6-18 288847 | 115423<br>(*) | ഇല്ല | 115423 |
| 2 | പുതുശ്ശേരിൽപ്പടി കോട്ടറാൽ റോഡ് റീടാറിംഗ് & ഐറിഷ് ഡ്രെയിൻ<br>SO 45/18 | 31-1-17<br>31-5-17 | 766754<br>18-1-2018 | 31624<br>(**) | 7668 | 23956 |

| | | | | | | |
|---|---|---|---|---|---|---|
| | (SO129/17)<br>അജികുമാർ ആർ<br>773366 | | | | | |
| ആകെ | | | | | | 139379 |

{(*) 02.06.17 മുതൽ 01.09.17 വരെ 16755 രൂപ, 02.09.17 മുതൽ 01.12.17 വരെ 33510 രൂപ, 02.12.17 മുതൽ 01.03.18 വരെ 33510 രൂപ, 02.03.2018 മുതൽ 25.05.18 വരെ 31648 രൂപ}

{(**) 01.06.17 മുതൽ 31.08.17 വരെ 7734 രൂപ, 01.09.17 മുതൽ 30.11.17 വരെ 15468 രൂപ, 01.12.17 മുതൽ 18.01.18 വരെ 8422 രൂപ}

ഫൈൻ ഈടാക്കിയതിൽ കുറവ് വന്നത് മൂലം കരാറുകാർക്ക് അധികപ്രതിഫലം നൽകിയ ഇനത്തിലുള്ള ചെലവുനഷ്ടം ബന്ധപ്പെട്ട കരാറുകാരിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-3 പൊതുമരാമത്ത് പ്രവൃത്തികളുടെ ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

പൊതുമരാമത്ത് പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും ഈടാക്കുന്ന നിരതദ്രവ്യം, സെക്യൂരിറ്റി ഡെപ്പോസിറ്റ് (യഥാക്രമം 2.5 % വീതം), പെർഫോമൻസ് ഗ്യാരണ്ടി (5% നിരക്കിൽ) എന്നിവയുടെ വിവരം രേഖപ്പെടുത്തി ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഇക്കാരണത്താൽ, ഏതൊക്കെ കരാറുകാരുടെ സെക്യൂരിറ്റി ഡെപ്പോസിറ്റ് തിരികെ നല്കാനുണ്ട് എന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥന് വ്യക്തതയില്ലാത്ത സ്ഥിതിയാണുള്ളത്. സെക്യൂരിറ്റി ഡെപ്പോസിറ്റ്/പെർഫോമൻസ് ഗ്യാരണ്ടി ഇനങ്ങളിലുള്ള സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റുകൾ പ്രവൃത്തികളുടെ ഫയലിൽത്തന്നെ സൂക്ഷിച്ചിട്ടുള്ളതും ക്രമപ്രകാരമല്ല.

പൊതുമരാമത്ത് പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും ഈടാക്കുന്ന ഡെപ്പോസിറ്റുകളുടെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും, സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റുകൾ സുരക്ഷിതമായി സൂക്ഷിക്കേണ്ടതുമാണ്.

## 3-4 കരാർ നൽകിയ റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിച്ചില്ല

തൻവർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥൻ ആയി ഏറ്റെടുത്ത് കരാർ നൽകിയ ചുവടെ പറയുന്ന റോഡ് മരാമത്ത് പ്രവൃത്തികൾ പൂർത്തീകരിച്ചില്ല.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര്, പ്രോജക്ട് നംപർ, അടങ്കൽ | കരാറുകാരൻ, ക്വോട്ട് ചെയ്ത തുക | എഗ്രിമെന്റിൽ ഏർപ്പെട്ട തീയതി | പൂർത്തീകരിക്കേണ്ട തീയതി | എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ ഇനങ്ങൾ | നാളിതുവരെ ചെയ്ത പ്രവൃത്തിയുടെ വിവരം | പ്രവൃത്തിമൂല്യം ( പാർട്ട് ബിൽ പ്രകാരം) |
|---|---|---|---|---|---|---|---|
| 1 | ചൂരക്കോട് ഹൈസ്കൂൾ പടി - പാതാണിപ്പടി റോഡ് പുനരുദ്ധാരണം SO80/18 1789000 | അജികുമാർ, അജിഭവനം മണക്കാല | 13-10-2017 | 12.02.2018 | 388 m നീളത്തിൽ സംരക്ഷണഭിത്തി, 184m നീളത്തിൽ ഓട | 108 m നീളത്തിൽ സംരക്ഷണഭിത്തി | 251650 |
| 2 | കാവനാൽ - കക്കാരുവിള റോഡ് റീടാറിംഗ് SO229/18 1247000 | കെ.ജെ. ബിജു 1023038 | 12-10-2017 | 11.02.2018 | 420 m നീളത്തിൽ റീടാറിംഗ്, 48m നീളത്തിൽ ഓട, 287.5m വീതം നീളത്തിൽ ഇരുവശത്തുമായി ഐറിഷ് ഡ്രെയിൻ | ഒരു വശം 460.63 m നീളത്തിലും എതിർവശം 236.5 m നീളത്തിലും ഐറിഷ് ഡ്രെയിൻ നിർമ്മിച്ചു | 519843 |

എളുപ്പമുള്ള ഇനങ്ങൾ മാത്രംചെയ്തശേഷം സാമ്പത്തിക വർഷം കഴിഞ്ഞിട്ടും പ്രവൃത്തികൾ പൂർത്തീകരിക്കാതെ തുടരുന്നത് അഭിലഷണീയമല്ല. മേൽസൂചിപ്പിച്ച പ്രവൃത്തികൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും, നിയമാനുസൃതമുള്ള ഫൈൻ ഫൈനൽ ബില്ലിൽ നിന്നും ഈടാക്കേണ്ടതുമാണ്.

## 3-5 റോഡ് റീ-കോൺക്രീറ്റിംഗ് പ്രവൃത്തികൾ നടപ്പിലാക്കിയത് സുതാര്യതയില്ലാതെ

റോഡ് റീ-കോൺക്രീറ്റിംഗ് പ്രവൃത്തികൾക്കായി തയ്യാറാക്കുന്ന എസ്റ്റിമേറ്റ് റിപ്പോർട്ട് പൂർണ്ണമല്ല. റീ-കോൺക്രീറ്റ് ചെയ്യേണ്ട റോഡിന്റെ ഭാഗം ഏത് വർഷം ആണ് നേരത്തെ കോൺക്രീറ്റ് ചെയ്തത് എന്ന വിവരം എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നില്ല. ഗുണനിലവാരം പാലിക്കാതെ കോൺക്രീറ്റ് ചെയ്ത റോഡുകളാണോ റീ-കോൺക്രീറ്റ് ചെയ്തിട്ടുള്ളത് എന്ന് പരിശോധിച്ചറിയാനാകാത്ത സ്ഥിതിയാണുള്ളത്. ഇപ്രകാരം എസ്റ്റിമേറ്റ് റിപ്പോർട്ടിൽ വിശദാംശങ്ങൾ ഉൾപ്പെടുത്താതെ തൻവർഷം നടപ്പാക്കിയ റീ-കോൺക്രീറ്റിംഗ് പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര്, പ്രോജക്ട് നമ്പർ, അടങ്കൽ | കരാറുകാരൻ, ക്വോട്ട് ചെയ്ത തുക | പ്രവൃത്തിമൂല്യം | റീകോൺക്രീറ്റ് ചെയ്ത നീളം |
|---|---|---|---|---|
| 1 | കളീക്കൽപടി- പാറ്റൂശ്ശേരിൽപ്പടി റോഡ് റീസർഫസിംഗ് & ഐറിഷ് ഡ്രെയിൻ SO27/18 190000 | പുഷ്പാംഗദൻ 156532 | 156532 | 1:4:8 39.9 m 1:2:4 60 m |
| 2 | വെള്ളംകൊള്ളിൽപ്പടി- കുന്നംപാലവിള റോഡ് റീസർഫസിംഗ് & ഐറിഷ് ഡ്രെയിൻ,സൈഡ് പ്രൊട്ടക്ഷൻ | ടി 427047 | 394569 | 1:4:8 74m 1:2:4 158 m |

| | | | | |
|---|---|---|---|---|
| | SO20/18<br>520000 | | | |
| 3 | കാഞ്ഞിരവിളപ്പടി-മുകളുവിളപ്പടി റോഡ് റീസർഫസിംഗ്, റീടാറിംഗ്, ഡ്രെയിനേജ് SO36/18<br>405000 | ബിനു തോമസ്<br>357759 | 357737 | 1:4:8 73 m<br>1:2:4 139m |
| 4 | കളത്തൂർപടി-മുല്ലശ്ശേരി കുന്നത്ത് ഏലാ റോഡ് റീസർഫസിംഗ് SO163/18<br>80905 | ഹരിദാസ്<br>(എസ്റ്റിമേറ്റ് നിരക്ക്) | 80905 | 1:4:8 11.2m<br>1:2:4 62 m |
| 5 | ചെറുകുന്നിൽ KIP കനാൽ റോഡ് റീസർഫസിംഗ് SO165/18<br>101500 | ടി | 101180 | 1:4:8 11.9 m<br>1:2:4 75.5m |

മുമ്പ് റോഡ് കോൺക്രീറ്റ് ചെയ്തത് ഏത് വർഷം ആണെന്ന വിശദാംശം പരിശോധിച്ച് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്താതെ റീ-കോൺക്രീറ്റിംഗ് പ്രവൃത്തികൾ ഏറ്റെടുക്കുന്നത് സുതാര്യമല്ല എന്ന് വിലയിരുത്തുന്നു. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 17/24.09.2018) മറുപടി ലഭ്യമക്കിയില്ല. അപാകതയിന്മേൽ വിശദീകരണം നൽകേണ്ടതാണ്.

## 3-6 അഗതിരഹിതകേരളം - ആക്ഷൻ പ്ലാന് അംഗീകാരം വാങ്ങാഞ്ഞതിനാൽ നടപ്പാക്കാനായില്ല

"ആശ്രയ" പദ്ധതിയുടെ തുടർച്ചയായി, സംസ്ഥാനസർക്കാരിന്റെ നവകേരളമിഷന് കീഴിലുള്ള 'അഗതിരഹിതകേരളം' എന്ന പദ്ധതിക്കായി ആക്ഷൻ പ്ലാൻ തയ്യാറാക്കിയെങ്കിലും ആയതിന് അപാകതകൾ ഉള്ളതിനാൽ കുടുംബശ്രീ മിഷനിൽ നിന്നും സർക്കാരിൽ നിന്നും അംഗീകാരിക്കാതെ തിരികെ ലഭിക്കുകയാണ് ഉണ്ടായത്. അപാകതകൾ പരിഹരിച്ച് അംഗീകാരത്തിനായി ആക്ഷൻ പ്ലാൻ പുന: സർപ്പിച്ചിട്ടുമില്ല. 2014-15 ൽ ആരംഭിച്ച രണ്ടാംഘട്ട ആശ്രയ പദ്ധതിക്കായി ചുവടെ പറയുന്ന ഇനങ്ങൾക്ക് നാളിതുവരെ തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമനമ്പർ | ഇനം | 31-3-18 വരെ ചെലവഴിച്ച തുക | ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | ഭക്ഷണം | 571668 | 96 |
| 2 | ചികിത്സ | 7408 | ലഭ്യമാക്കിയില്ല |
| 3 | വിദ്യാഭ്യാസം | 27484 | 12 |
| 4 | ഭവനനിർമ്മാണം | 600000 | 4 |
| 5 | ഭവനപുനരുദ്ധാരണം | 50000 | 2 |
| 6 | സ്വയംതൊഴിൽ | 7500 | 1 |

രണ്ടാംഘട്ട ആശ്രയ പദ്ധതിക്കായി ചലഞ്ച് ഫണ്ട്, പഞ്ചായത്ത് വിഹിതം എന്നീയിനങ്ങളിൽ ലഭിച്ച തുകയിൽ യഥാക്രമം 617560 രൂപയും 657500 രൂപയും ചെലവഴിക്കാതെ അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ട്. നിലവിൽ പദ്ധതിയിൽപെടുത്തി ഭക്ഷണവിതരണം മാത്രമാണ് നടന്നുവരുന്നത്.

ആക്ഷൻ പ്ലാൻ സംസ്ഥാന സർക്കാരിൽ നിന്നും അംഗീകാരം വാങ്ങി 'അഗതിരഹിതകേരളം' പദ്ധതി അടിയന്തിരമായി

നടപ്പാക്കേണ്ടതാണ്.

## 3-7 ഗുണഭോക്തൃവിഹിതം ചെലവഴിക്കാതെ പദ്ധതി വിഹിതം പൂർണ്ണമായി ചെലവഴിച്ചു

| | |
|---|---|
| പദ്ധതിയുടെ പേര് | പട്ടികജാതി കുടുംബങ്ങൾക്ക് കുടിവെള്ള ടാങ്ക്<br>S0 139/18 |
| അടങ്കൽ തുക | 4,88,400 (SCP)<br>1,63,000 (ഗുണഭോക്തൃവിഹിതം) |
| ചെലവ് തുക | 1,32,610 Bill No.10/17-18/31.03.18 |

പട്ടികജാതി കുടുംബങ്ങൾക്ക് പി.വി.സി. വാട്ടർ ടാങ്ക് വാങ്ങിനൽകുന്നതിന് അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി രൂപീകരിച്ച പദ്ധതിയുടെ ഭാഗമായി 89 കുടുംബങ്ങൾക്ക് പ്രസ്തുത ആനുകൂല്യം നൽകിയിട്ടുണ്ട്. 500 ലിറ്റർ സംഭരണ ശേഷിയുള്ള വാട്ടർ ടാങ്ക് വാങ്ങുന്നതിന് ഇ-ടെണ്ടർ ക്ഷണിച്ചതിൽ, കുറഞ്ഞ നിരക്ക് (1490 രൂപ) രേഖപ്പെടുത്തിയ ഓഷ്യൻ പോളിമേഴ്സ്, ഇളമണ്ണൂർ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ 19.03.2018-ലെ 1(1) നമ്പർ തീരുമാനം അനുസരിച്ച് ഗ്രാമപ്പഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കുകയും പർച്ചേസ് ഓർഡർ നൽകിയതനുസരിച്ച് ടി സ്ഥാപനം ലഭ്യമാക്കിയ വാട്ടർ ടാങ്കുകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ (സ.ഉ.(എം.എസ്.) നം. 80/2017 ത.സ്വ.ഭ.വ. തീയതി 03.04.2017) പ്രകാരം പരമാവധി 75% തുകയാണ് പ്രസ്തുത പദ്ധതിയ്ക്കായി പ്ലാൻ ഫണ്ടിൽ നിന്ന് സബ്സിഡിയായി നൽകാവുന്നത്. അവശേഷിക്കുന്ന തുക ഗുണഭോക്തൃവിഹിതമായി ഗ്രാമപ്പഞ്ചായത്ത് ഓഫീസിൽ ശേഖരിച്ച് സ്ഥാപനത്തിന് കൈമാറേണ്ടതാണ്. (ഗുണഭോക്തൃവിഹിതം ഇനത്തിൽ 88250 രൂപ [(86x1000)+(3x750)] കളക്ട് ചെയ്തിരുന്നു) ഇതനുസരിച്ച്, 89 വാട്ടർ ടാങ്കുകളുടെ ആകെ വിലയായ 1,32,610 രൂപയിൽ (89 x 1490) 99458 രൂപ മാത്രമാണ് പ്ലാൻ ഫണ്ടിൽ നിന്ന് പരമാവധി ചെലവഴിക്കേണ്ടത്. അവശേഷിക്കുന്ന തുകയായ 33152 രൂപ ഗുണഭോക്തൃവിഹിതത്തിൽ നിന്നുമാണ് ചെലവഴിക്കേണ്ടിയിരുന്നത്. എന്നാൽ ഇതിന് വിരുദ്ധമായി പദ്ധതിയ്ക്കായി ചെലവുവന്ന തുക മുഴുവൻ പ്ലാൻ ഫണ്ടിൽ നിന്നുമാണ് ചെലവഴിച്ചിട്ടുള്ളത്. ടി അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് 13.09.2018-ന് ഓഡിറ്റ് എൻക്വയറി (നം.03) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. പ്ലാൻ ഫണ്ടിൽ നിന്ന് അധികമായി ചെലവഴിച്ച 33152 രൂപ ഗ്രാമപ്പഞ്ചായത്തിന്റെ തനത് ഫണ്ടിൽ സൂക്ഷിച്ചിട്ടുള്ള ഗുണഭോക്തൃ വിഹിതത്തിൽ നിന്ന് ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കേണ്ടതും അവശേഷിക്കുന്ന തുക ഗുണഭോക്താക്കൾക്ക് തിരികെ നൽകേണ്ടതുമാണ്.

## 3-8 പാലിയേറ്റീവ് പരിചരണത്തിന് വാഹനം - ക്വട്ടേഷൻ ക്ഷണിച്ചതിൽ അപാകത

| | |
|---|---|
| പദ്ധതിയുടെ പേര് | പാലിയേറ്റീവ് കെയർ, S0 096/18 |
| അടങ്കൽ തുക | 12,34,600 (Plan fund) |
| ചെലവ് തുക | 1,23,150 Bill No.01/17-18 /13.09.17<br>5,00,000 Bill No.04/17-18 /27.12.17<br>1,25,740 Bill No.05/17-18 /27.12.17<br>1,42,450 Bill No.06/17-18 /19.03.18<br>36,600 Bill No.07/17-18 /24.03.18 |

2017-18 സാമ്പത്തിക വർഷം പാലിയേറ്റീവ് പരിചരണ പദ്ധതിയുമായി ബന്ധപ്പെട്ട് ആകെ ചെലവഴിച്ച 9,27,940 രൂപയിൽ 2,02,400 രൂപ വാഹനവാടകയിനത്തിലാണ് ചെലവഴിച്ചത്. ക്വട്ടേഷൻ ക്ഷണിച്ച് ദിവസവാടകയ്ക്കാണ് ഹോം കെയർ ടീമിന്

വാഹനം ലഭ്യമാക്കിയിട്ടുള്ളത്. പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം [സ.ഉ.(സാധാ) നം.3217/2015/ത.സ്വ.ഭ.വ തീയതി 29.10.15] ദിവസവാടകയ്ക്ക് ഹോം കെയർ ടീമിന് വാഹനം എടുത്തുനൽകുന്നതിനുള്ള നിബന്ധനകൾ വ്യക്തമാക്കിയിട്ടുണ്ട്. ഇതനുസരിച്ച്, ക്വട്ടേഷൻ ക്ഷണിച്ച് വാഹനം വാടകയ്ക്ക് എടുക്കുമ്പോൾ വാഹനത്തിന് നൽകാവുന്ന പരമാവധി ദിവസവാടക (രാവിലെ ഹോം കെയർ ആരംഭിക്കുന്നത് മുതൽ വൈകുന്നേരം അവസാനിക്കുന്നത് വരെ ഒരു ദിവസത്തേക്ക്) ചുവടെ ചേർക്കുന്നു.

| ഓടുന്ന ദൂരം | 15-24 Km | 25-34 Km | 35-44 Km | 45 Km-ന് മുകളിൽ |
|---|---|---|---|---|
| പരമാവധി തുക | 800 | 900 | 1000 | 1100 |

ടി പരമാവധി ദിവസവാടക നിരക്കിന്റെ പരിധിയ്ക്ക് വിധേയമായിട്ടായിരിക്കണം ക്വട്ടേഷൻ ക്ഷണിച്ച് വാഹനം വാടകയ്ക്ക് എടുക്കേണ്ടത്. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥൻ ക്വട്ടേഷൻ ക്ഷണിച്ചപ്പോൾ ഇതു സംബന്ധിച്ച യാതൊരു നിബന്ധനകളും ക്വട്ടേഷൻ നോട്ടീസിൽ ഉൾപ്പെടുത്തിയില്ല. ലഭിച്ച ക്വട്ടേഷനുകളിൽ ഏറ്റവും കുറഞ്ഞ നിരക്ക് (പ്രതിദിനം 1100 രൂപ) രേഖപ്പെടുത്തിയ ശ്രീമതി അക്കമ്മ ജോൺസൻ, സി.ജെ. നിവാസ്, കിളിവയൽ എന്ന വ്യക്തിയുടെ ക്വട്ടേഷൻ അംഗീകരിച്ച് നൽകി കരാറിൽ ഏർപ്പെടുകയാണ് ചെയ്തിട്ടുള്ളത് (പ്രതിദിനം 45 Km- ന് മുകളിൽ വാഹനം ഓടിയാൽ മാത്രം നൽകേണ്ട നിരക്കാണിത്). ക്വട്ടേഷൻ നോട്ടീസിലോ കരാറിലോ ദൂരപരിധി സംബന്ധിച്ച നിബന്ധനകൾ ഉൾപ്പെടുത്താതിരുന്നത് കാരണം 45 Km-ലും കുറഞ്ഞ ദൂരം വാഹനം ഓടിയാലും പ്രതിദിനം 1100 രൂപ വാഹനവാടകയിനത്തിൽ കരാറുകാരന് നൽകേണ്ടിവന്നിരിക്കുന്നു. ആയതുകാരണം വാഹനവാടകയിനത്തിൽ പദ്ധതി ഫണ്ടിൽ നിന്ന് കൂടുതൽ തുക ചെലവഴിക്കേണ്ടതായി വന്നിട്ടുണ്ട്. വാഹനം വാടകയ്ക്ക് എടുക്കുന്നത് സംബന്ധിച്ച മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാതിരുന്നതിനും ആയതിന്റെ ഫലമായി പദ്ധതി ഫണ്ടിൽ നിന്ന് ഈയിനത്തിൽ കൂടുതൽ തുക ചെലവഴിച്ചതിനും വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 15.09.2018-ന് ഓഡിറ്റ് എൻക്വയറി (നം.05) നൽകിയിരുന്നു. ഓഡിറ്റ് എൻക്വയറിയ്ക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ സമർപ്പിച്ച മറുപടിയിൽ, ക്വട്ടേഷൻ ക്ഷണിച്ചപ്പോൾ സംഭവിച്ച ക്ലറിക്കൽ പിഴവുകൊണ്ടാണ് മേൽ അപാകത ഉണ്ടായിട്ടുള്ളതെന്നും ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കുവാൻ ശ്രദ്ധിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. പാലിയേറ്റീവ് പരിചരണത്തിന്റെ ഭാഗമായുള്ള ഹോം കെയർ വിസിറ്റിനായി വാഹനം വാടകയ്ക്ക് എടുക്കുമ്പോൾ മേൽ പരാമർശിച്ച അപാകത ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-9 വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം - നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| പദ്ധതിയുടെ പേര് | പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ,<br>S0 096/18 |
| അടങ്കൽ തുക | 5,00,000 (SCP) |
| ചെലവ് തുക | 2,89,500 Bill No.253/17-18 /22.03.18<br>73,000 Bill No.20/18-19/16.06.18 (Que) |

പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകുന്നതിന് ഹെഡ് മിസ്ട്രസ്സ് നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. സൈക്കിളുകൾ വാങ്ങുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചതിൽ കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയ വീനസ് സൈക്കിൾ മാർട്ട്, പുത്തൂർ എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിക്കുകയും (ആൺകുട്ടികൾക്കുള്ള സൈക്കിൾ - 3800 രൂപ, പെൺകുട്ടികൾക്കുള്ള സൈക്കിൾ - 3900 രൂപ) ടി സ്ഥാപനത്തിൽ നിന്ന് 94 സൈക്കിളുകൾ (ആകെ 3,62,500) വാങ്ങുകയും ചെയ്തിരുന്നു. എന്നാൽ ഇവയുടെ വിതരണ രജിസ്റ്റർ പ്രകാരം ആകെ 89 വിദ്യാർത്ഥികൾക്ക് മാത്രമേ സൈക്കിളുകൾ വിതരണം ചെയ്തിട്ടുള്ളൂ. അവശേഷിക്കുന്ന 5 സൈക്കിളുകളുടെ വിതരണ വിവരം ലഭ്യമല്ല.

2. സൈക്കിളുകളുടെ വിതരണ രേഖകൾ പ്രകാരം സൈക്കിൾ കൈപ്പറ്റിയിട്ടുള്ള 89 വിദ്യാർത്ഥികളിൽ 52 വിദ്യാർത്ഥികൾ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളാണെന്ന് തെളിയിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല (ജാതി സർട്ടിഫിക്കറ്റ്/സ്കൂൾ അധികൃതരുടെ സാക്ഷിപത്രം).

3. പട്ടികജാതി വികസന വകുപ്പിൽ നിന്ന് മുൻപ് ആനുകൂല്യം ലഭിച്ചിട്ടില്ലാത്തവർക്കാണ് നിലവിൽ ആനുകൂല്യം ലഭിച്ചിട്ടുള്ളത് എന്ന് ഉറപ്പുവരുത്തിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് 19.09.2018-ന് ഓഡിറ്റ് എൻക്വയറി (നം.12) നൽകിയിട്ടും മറുപടി ലഭ്യമാക്കിയില്ല. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ പദ്ധതിയ്ക്കായി ആകെ ചെലവഴിച്ച 362500 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ബന്ധപ്പെട്ട രേഖകൾ സഹിതം അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്ന മുറയ്ക്ക് ഓഡിറ്റ് തടസ്സം തീർപ്പാക്കുന്നതാണ്.

## 3-10 തെരുവ് വിളക്കുകൾക്ക് മീറ്റർ - പദ്ധതി ഫലപ്രാപ്തിയിലെത്തിയില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | തെരുവ് വിളക്കുകൾക്ക് മീറ്റർ, S0 001/18 |
| അടങ്കൽ തുക | 922170, (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>18,200 (തനത് ഫണ്ട്) |
| ചെലവ് തുക | 8,48,000 Bill No.09/17-18/19.08.17 |

2017-18 സാമ്പത്തിക വർഷം ഗ്രാമപ്പഞ്ചായത്ത് പരിധിയിലുള്ള തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനായി ഗ്രാമപ്പഞ്ചായത്ത് തയ്യാറാക്കിയ പദ്ധതിയുടെ ഭാഗമായി കെ.എസ്.ഇ.ബി.-യിൽ നിന്ന് ലഭ്യമാക്കിയ എസ്റ്റിമേറ്റ് പ്രകാരം, കെ.എസ്.ഇ.ബി അടൂർ, ഏഴംകുളം സെക്ഷനുകളിലേക്ക് യഥാക്രമം 6,78,400 രൂപ, 1,69,600 രൂപ എന്നിങ്ങനെ ഡിപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കുന്ന പദ്ധതികൾ പൂർത്തിയാകാത്തതിനാൽ മീറ്റർ സ്ഥാപിക്കൽ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.

2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ ഗ്രാമപ്പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കുന്നതിനായി പദ്ധതികൾ രൂപീകരിച്ച് കെ.എസ്.ഇ.ബി-യിൽ തുക ഡിപ്പോസിറ്റ് ചെയ്തിരുന്നു. 2016-17 -ൽ പദ്ധതി നം. 102/17 പ്രകാരം 35,56,400 രൂപ ഒടുക്കുവരുത്തിയിട്ടുള്ളതും പദ്ധതി പൂർത്തീകരിച്ച് സാക്ഷ്യപത്രം നൽകിയിട്ടുള്ളതുമാണ്. 2017-18 വർഷം വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കുന്നതിനായി പദ്ധതി നം. 02/18 പ്രകാരം 2,17,300 രൂപ, പദ്ധതി നം. 250/18പ്രകാരം 16,87,858 രൂപ എന്നീ തുകകളും കെ.എസ്.ഇ.ബി. യിൽ ഒടുക്കുവരുത്തിയിട്ടുണ്ട്. ടി പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. സ്ട്രീറ്റ് മെയിൽ സ്ഥാപിക്കുന്ന പദ്ധതികൾ പൂർത്തീകരിച്ചതിനുശേഷം മാത്രമേ മീറ്റർ സ്ഥാപിക്കുകയുള്ളൂവെന്ന് കെ.എസ്.ഇ.ബി ഗ്രാമപ്പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്. തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ ഗ്രാമപ്പഞ്ചായത്തുകൾക്കുണ്ടാകുന്ന ഭീമമായ ചെലവ് ഇല്ലാതാക്കുവാനും ഉപയോഗിക്കുന്ന വൈദ്യുതിയ്ക്ക് മാത്രം ചാർജ്ജ് ഒടുക്കുവാനും സാഹചര്യം ഉണ്ടാക്കുവാനായാണ് തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ മുന്നോട്ടുവച്ചതും ആയതിനായി കെ.എസ്.ഈ.ബി യിൽ തുക ഡെപ്പോസിറ്റ് ചെയ്യുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോട് നിർദ്ദേശിച്ചതും. എന്നാൽ ഇക്കാര്യത്തിൽ സർക്കാർ നിർദ്ദേശം വന്നിട്ട് കാലങ്ങളായിട്ടും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് മെയിൽ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ച് തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുവാൻ നാളിതുവരെ ഗ്രാമപ്പഞ്ചായത്തിന് സാധിക്കാതിരുന്നത് പദ്ധതി ആസൂത്രണത്തിലുണ്ടായ വീഴ്ചയാണ്. ഇതുകാരണം തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ കെ.എസ്.ഇ.ബി. പ്രതിമാസം ഡിമാന്റ് ചെയ്യുന്ന ഭീമമായ തുക ഒടുക്കുവാൻ ഗ്രാമപ്പഞ്ചായത്ത് നിർബന്ധിതരാകുകയും തനത് ഫണ്ടിൽ നിന്ന് ഈയിനത്തിൽ വൻതുക ചെലവഴിക്കേണ്ടി വരികയും ചെയ്യുന്നു. തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് ഇനത്തിൽ തൻവർഷം 17,27,664 രൂപയാണ് ഗ്രാമപ്പഞ്ചായത്ത് ചെലവഴിച്ചത്.

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് മെയിനുകൾ സ്ഥാപിക്കുന്ന പ്രവൃത്തി അടിയന്തിരമായി പൂർത്തീകരിക്കുന്നതിനും തുടർന്ന് തെരുവ് വിളക്കുകൾക്ക് പൂർണ്ണമായി മീറ്റർ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുവാൻ കെ.എസ്.ഇ.ബി യോട് ആവശ്യപ്പെട്ട് വാർഷിക പദ്ധതിയിൽ ഫണ്ട് വകയിരുത്തി ടി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

## 3-11 പഞ്ചായത്ത് ഓഫീസിലേക്ക് പുതിയ വാഹനം വാങ്ങൽ - പഴയ വാഹനം കണ്ടം ചെയ്തിട്ടില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | പഞ്ചായത്ത് ഓഫീസിലേക്ക് പുതിയ വാഹനം വാങ്ങൽ, S0 216/18 |
| അടങ്കൽ തുക | 748154 (ജനറൽ) |
| ചെലവ് തുക | 7,09,830 Bill No.26/17-18/28.03.18 |

സ.ഉ.(എം.എസ്.) നം.86/06/ത.സ്വ.ഭ.വ. തീയതി 31.03.2006 പ്രകാരം, നിലവില്ലുള്ള ഉപയോഗയോഗ്യമല്ലാത്ത വാഹനം കണ്ടം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായതിന് ശേഷം മാത്രമേ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പുതിയ വാഹനം വാങ്ങുവാൻ പാടുള്ളൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപ്പഞ്ചായത്തിൽ പുതിയ വാഹനം വാങ്ങിയിരിക്കുന്നത്

നിലവിലുണ്ടായിരുന്ന പഴയവാഹനം (KL-03-N-4872) കണ്ടം ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കാതെയാണ്.

ഗ്രാമപ്പഞ്ചായത്ത് ഓഫീസിലെ നിലവിലുള്ള വാഹനം കണ്ടം ചെയ്ത് പുതിയ വാഹനം വാങ്ങുവാൻ ജനറൽ കമ്മിറ്റി 26.05.2017-ലെ 1(1) നമ്പരായി തീരുമാനം എടുത്തിരുന്നു. പഴയ വാഹനം കണ്ടം ചെയ്യുന്നതുമായി ബന്ധപ്പെട്ട് 05.12.2017-ൽ പി.ഡബ്ല്യു.ഡി. മെക്കാനിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ വാഹനത്തിന് അൺഎക്കണോമിക് സർട്ടിഫിക്കേറ്റ് നൽകുകയും തുടർന്ന് 16.02.2018-ൽ പി.ഡബ്ല്യു.ഡി. മെക്കാനിക്കൽ സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ വാഹനത്തിന് വിൽപ്പനയ്ക്കായി 1,80,000 രൂപ മൂല്യം നിശ്ചയിച്ച് നൽകുകയും ചെയ്തിരുന്നു. ടി മൂല്യത്തിന്മേൽ 30.04.2018, 31.05.2018 തീയതികളിൽ ലേലം നടത്തിയെങ്കിലും ആരും പങ്കെടുത്തില്ല. തുടർന്ന് ഗ്രാമപ്പഞ്ചായത്ത് കമ്മിറ്റി അഭ്യർത്ഥിച്ചതനുസരിച്ച് 25.07.2018-ൽ പി.ഡബ്ല്യു.ഡി. മെക്കാനിക്കൽ സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ വാഹനത്തിന്റെ മൂല്യം 1,35,000 രൂപയായി പുനർനിർണ്ണയിച്ചു നൽകി. ആയതിന് ശേഷം 31.08.2018-ലും പുനർലേലം നടന്നെങ്കിലും ലേലത്തിൽ ആരും പങ്കെടുത്തില്ല. വാഹനം കണ്ടം ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയാകുന്നതിന് മുമ്പ്, ഗവ. ഇ-മാർക്കറ്റിംഗ് സംവിധാനം വഴി പുതിയ വാഹനം വാങ്ങിച്ചു. കണ്ടം ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ പഴയവാഹനം ഇപ്പോഴും ഗ്രാമപ്പഞ്ചായത്ത് കോമ്പൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. പഴയ വാഹനത്തിന്റെ ലേലനടപടികൾ അടിയന്തിരമായി പൂർത്തീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-12 കരാറില്ലാതെ ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തുക നിക്ഷേപിച്ചു

ഓഡിറ്റ് വർഷം K.S.E.B, K.W.A എന്നീ സ്ഥാപനങ്ങൾ മുഖേന വിവിധ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനായി താഴെപ്പറയുന്ന തുകകൾ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട സ്ഥാപനങ്ങളുമായി ഗ്രാമപ്പഞ്ചായത്ത് നിയമാനുസൃത കരാറിൽ ഏർപ്പെട്ടതിന്റെ രേഖകൾ ലഭ്യമല്ല. കൂടാതെ ഡെപ്പോസിറ്റ് ചെയ്ത തുകകൾ ബന്ധപ്പെട്ട പ്രവൃത്തികൾക്കായി വിനിയോഗിച്ചത് സംബന്ധിച്ച സാക്ഷ്യപത്രവും ലഭ്യമല്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ഡെപ്പോസിറ്റ് ചെയ്ത തുക |
|---|---|---|---|
| 1 | KSEB | തെരുവ് വിളക്കുകൾക്ക് മീറ്റർ<br>SO 001/18 | 8,48,000<br>Bill No.09/17-18/19.08.17 |
| 2 | KSEB | തെരുവ് വിളക്കുകൾക്ക് സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ, SO 002/18 | 2,17,300<br>Bill No.10/17-18/19.08.17 |
| 3 | KWA | പൈപ്പ് ലൈൻ നീട്ടൽ<br>SO 003/18 | 1,03,600<br>Bill No.04/17-18 /19.07.17(78,282)<br>Cheque No.12138/13.07.17(25315) |
| 4 | KSEB | വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ, SO 004/18 | 34,763<br>Cheque No.14785/14.02.18 |
| 5 | KSEB | സ്ട്രീറ്റ് ലൈൻ നീട്ടൽ<br>SO 250/18 | 16,87,858<br>Bill No.24/17-18/17.03.18 |
| 6 | KWA | പൈപ്പ് ലൈൻ നീട്ടൽ<br>SO 256/18 | 3,00,000<br>Bill No.27/17-18/28.03.18 |
| ആകെ | | | 31,91,521 |

ഡെപ്പോസിറ്റ് പ്രവൃത്തികളുമായി ബന്ധപ്പെട്ട് സ്ഥാപനങ്ങളുമായി നിയമാനുസൃത കരാറിൽ ഏർപ്പെടാതിരുന്നതിനാലും തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ലാത്തതിനാലും ചെലവ് തുക 31,91,521 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്ന മുറയ്ക്ക് ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതാണ്.

## 3-13 ഡെപ്പോസിറ്റ് വർക്കുകളിൽ വാട്ടർ അതോറിറ്റി സെന്റേജ് ചാർജ്ജ് ചുമത്തുന്നു

കേരള വാട്ടർ അതോറിറ്റി ഏറ്റെടുത്ത് നടത്തുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് എസ്റ്റിമേറ്റിന്റെ 10 % സൂപ്പർവിഷൻ ചാർജ്ജും 2.5 % എസ്റ്റിമേറ്റും പ്ലാനും തയ്യാറാക്കുന്നതിനുള്ള ചാർജ്ജും ചേർത്ത് 12.5 % സെന്റേജ് ചാർജ്ജ് ഈടാക്കുന്നുണ്ട്. എന്നാൽ, പി.ഡബ്ല്യു.ഡി. മാനുവൽ കേരള വാട്ടർ അതോറിറ്റിയ്ക്കും ബാധകമായതിനാൽ എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിന് 2.5% സെന്റേജ് ചാർജ്ജ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കുവാൻ പാടില്ലായെന്ന് 16.04.2018-ലെ സ.ഉ.(സാധാ) നം.1069/18 ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ, 2016-17, 2017-18 വാർഷിക പദ്ധതികളുടെ ഭാഗമായി കേരള വാട്ടർ അതോറിറ്റിയിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുള്ള താഴെച്ചേർക്കുന്ന പ്രവൃത്തികളിൽ പൂർത്തിയാകുവാൻ അവശേഷിക്കുന്ന പ്രവൃത്തികളുടെ ഫൈനൽ ബിൽ തയ്യാറാക്കുമ്പോൾ എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിന് ചുമത്തിയിട്ടുള്ള 2.5 % സെന്റേജ് ചാർജ്ജ് ഒഴിവാക്കി ബിൽത്തുക കണക്കാക്കുവാൻ ആവശ്യപ്പെടേണ്ടതും അവശേഷിക്കുന്ന തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

| ക്രമ നം. | പ്രവൃത്തിയുടെ പേര്, വാർഷിക പദ്ധതി | ഡെപ്പോസിറ്റ് തുക |
|---|---|---|
| 1 | പൈപ്പ് ലൈൻ നീട്ടൽ, SO 104/17<br>2016-17 | 11,96,400<br>Bill No. 27/16-17/31.3.17 (7,06,994)<br>ChequeNo.2078808/29.3.17(3,30,906)<br>Cheque No.2078815/29.3.17 (1,58,500) |
| 2 | പട്ടികജാതി കോളനികളിൽ കുടിവെള്ള പൈപ്പ് ലൈൻ, SO 160/17, 2016-17 | 21,77,178<br>Bill No. 28/16-17/31.3.17 (5,79,300)<br>ChequeNo.2078810/29.3.17 (15,97,878) |
| 3 | പൈപ്പ് ലൈൻ നീട്ടൽ, SO 003/18, 2017-18 | 1,03,600<br>Bill No.04/17-18/19.07.17(78,282)<br>Cheque No.12138/13.07.17(25315) |
| 4 | പൈപ്പ് ലൈൻ നീട്ടൽ, SO 256/18, 2017-18 | 3,00,000<br>Bill No.27/17-18/28.03.18 |

## 3-14 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി- ഗുണഭോക്താക്കൾക്ക് അർഹമായ ആനുകൂല്യം നിഷേധിച്ചു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി ഫാം ഇൻസ്ട്രക്ടർ |
| പ്രോജക്ട് നമ്പർ | 143/18 |
| പ്രോജക്ടിന്റെ പേര് | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി |
| വകയിരുത്തിയ തുക | ഗ്രാമപഞ്ചായത്ത്-150000<br>ബ്ലോക്ക് പഞ്ചായത്ത് -100000<br>ജില്ലാ പഞ്ചായത്ത് -300000<br>ആകെ - 550000/- |
| ചെലവു തുക | 54933, Bill No .1/2017-18/15.12.17<br>95067 , Bill No .2/2017-18/15.12.17<br>30084 , Cheque No.14129/16.01.18 |

| | |
|---|---|
| | 9735 , Cheque No.14134/20.01.18<br>60181 ,Cheque No. 7053664/26.03.18 |

ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി നൽകുന്നതിനായി ഡയറി ഫാം ഇൻസ്പെക്ടർ നിർവ്വഹണ ഉദ്യോഗസ്ഥയായി തൻവർഷം ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നിവയുമായി ചേർന്ന് സംയുക്ത പദ്ധതിയാണ് ആവിഷ്കരിച്ചിരുന്നത്. എന്നാൽ ജില്ലാ പഞ്ചായത്തുമായി കരാറിൽ ഏർപ്പെടാതിരുന്നതിനാൽ ജില്ലാ പഞ്ചായത്ത് വിഹിതം ലഭ്യമായില്ല. മതിയായ ഫണ്ട് വകയിരുത്താത്തതിനാൽ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തിയ 79 കർഷകർക്ക് 2017 ഏപ്രിൽ മുതൽ സെപ്റ്റംബർ വരെയുള്ള കാലയളവിലെ സബ്സിഡി തുക മാത്രമാണ് വിതരണം ചെയ്യാൻ കഴിഞ്ഞത്. പുതുശ്ശേരിഭാഗം, തുവയൂർവടക്ക് ക്ഷീര സംഘങ്ങളിലെ 43 കർഷകരെക്കൂടി ടി പദ്ധതിയിൽ പുതുതായി ഉൾപ്പെടുത്തുന്നതിന് പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ചിരുന്നുവെങ്കിലും (17.01.18 ലെ സാധാരണയോഗം അജണ്ട10 തീരുമാനം1) ജില്ലാപഞ്ചായത്ത് വിഹിതം ലഭ്യമാകാഞ്ഞതിനാൽ പ്രസ്തുത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകാൻ കഴിഞ്ഞില്ല. പദ്ധതി ആസൂത്രണത്തിലെ അലംഭാവം നിമിത്തം ജില്ലാപ്പഞ്ചായത്ത് വിഹിതം നഷ്ടപ്പെട്ടതിനാലും മതിയായ പഞ്ചായത്ത് വിഹിതം വകയിരുത്താഞ്ഞതിനാലും ഗുണഭോക്താക്കൾക്ക് അർഹമായ ആനുകൂല്യം നിഷേധിച്ചത് ഗുരുതരമായ വീഴ്ചയാണ്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലുമുണ്ടായ ടി അപാകത ഭാവിയിൽ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 3-15 പ്രവർത്തിക്കുന്ന കുടിവെള്ളടാപ്പുകൾ കണക്കാക്കാതെ വാട്ടർ ചാർജ് ഒടുക്കിവരുന്നു

വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം 2017-18 സാമ്പത്തിക വർഷം ടാപ്പൊന്നിന് പ്രതിവർഷം 5250 രൂപ നിരക്കിൽ 352 ടാപ്പുകളുടെ വെള്ളക്കരമായാണ് 154000രൂപ പ്രതിമാസം അടവാക്കുന്നത്. പ്രവർത്തനക്ഷമമായ പൊതുടാപ്പുകളുടെ എണ്ണം ഗ്രാമപഞ്ചായത്ത് സംയുക്തപരിശോധനയിലൂടെ തിട്ടപ്പെടുത്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിൽ 2012-13 -ലാണ് അവസാനമായി സംയുക്ത പരിശോധന നടത്തിയത്. 2015-16 ലെ ഓഡിറ്റ് റിപ്പോർട്ടിൽ ഇത് സംബന്ധിച്ച പരാമർശം ഉണ്ടായിരുന്നിട്ടും നാളിതുവരെയായിട്ടും ഗ്രാമപഞ്ചായത്ത് തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. 03.04.17 ലെ സ.ഉ.(എം.എസ്.)നം.80/2017/ത.സ്വ.ഭ.വ.പ്രകാരം 13-ാം പദ്ധതിയിലെ ആദ്യ വർഷത്തെ സബ്സിഡി മാർഗ്ഗരേഖ അനുസരിച്ച് പൊതുടാപ്പുകൾ നൽകാൻ പാടില്ലാത്തതും ഗാർഹിക കണക്ഷൻ പ്രോൽസാഹിപ്പിക്കേണ്ടതുമാണ്. പൊതു ടാപ്പുകളുടെ എണ്ണം വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധനയിലൂടെ തിട്ടപ്പെടുത്തി വാട്ടർ ചാർജിനത്തിലുള്ള നഷ്ടം ഒഴിവാക്കേണ്ടതും ഗാർഹിക കുടിവെള്ള കണക്ഷനുകൾ പ്രോൽസാഹിപ്പിക്കേണ്ടതുമാണ്.

## 3-16 ആയുർവ്വേദ ഡിസ്പെൻസറിയ്ക്ക് മരുന്നു വാങ്ങൽ - മരുന്ന് പൂർണ്ണമായും ലഭ്യമായില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ ,ആയുർവ്വേദം |
| പ്രോജക്ട് നമ്പർ | 142/18 |
| പ്രോജക്ടിന്റെ പേര് | ആയുർവ്വേദ ഡിസ്പെൻസറിയ്ക്ക് മരുന്നു വാങ്ങൽ |
| വകയിരുത്തിയ തുക | 300000/- മെയിന്റനൻസ് ഫണ്ട് , റോഡിതരം |
| ചെലവു തുക | 300000 ബിൽ നം. 40/17-18 തീയതി 20.10.17 |

ആയുർവ്വേദ ആശുപത്രിയിൽ ചികിത്സയ്ക്കായി എത്തുന്ന രോഗികൾക്ക് മരുന്നു നൽകുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് ആയുർവ്വേദ ഡിസ്പെൻസറിയ്ക്ക് മരുന്നു വാങ്ങൽ. മരുന്നുകൾ ലഭ്യമാക്കുന്നതിന് ഔഷധിയ്ക്ക് 300000 രൂപ മുൻകൂറായി നൽകിയിരുന്നു. ഔഷധിയുമായി കരാറിൽ ഏർപ്പെട്ടത് 28.10.2017 – ലാണ്. കരാറിൽ എർപ്പെട്ട തീയതി മുതൽ 60 ദിവസത്തിനകം മരുന്നുകൾ എല്ലാം ലഭ്യമാക്കാം എന്നതായിരുന്നു കരാർ. എന്നാൽ നാളിതുവരെ ആയിട്ടും 214898 രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായത്. 85102 രൂപയുടെ മരുന്നുകൾ ഇനിയും ലഭ്യമായിട്ടില്ല. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റിയും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പും ഡിസ്പെൻസറിയിൽ കൃത്യസമയത്ത് മരുന്നു ലഭിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 3-17 ഗുണഭോക്തൃലിസ്റ്റിന് ഗ്രാമസഭയുടെ അംഗീകാരം വാങ്ങിയില്ല

1. കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ട്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്ട് നമ്പർ | 144/18 |
| പ്രോജക്ടിന്റെ പേര് | നെൽകൃഷി വികസനം |
| വകയിരുത്തിയ തുക | 206800 |
| ചെലവ് തുക | 59500/- ചെക്ക് നം. 7053681 തീയതി 27.03.2018<br>15600/- ബിൽ ബുക്ക് നം. KBE8/17-18 തീയതി 18.01.18<br>104675/- ബിൽ ബുക്ക് നം. KBE7/17-18 തീയതി 18.01.18 |

ഗ്രാമപഞ്ചായത്തിൽ 17-18 വർഷം നെൽകൃഷി ചെയ്ത എല്ലാ കർഷകർക്കും ആനുകൂല്യം നൽകുന്നതിനായി കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതിയാണ് നെൽകൃഷി വികസനം. ഇത് പ്രകാരം 19 കർഷകർക്കാണ് ആനുകൂല്യം ലഭ്യമായത്. ആയതിൽ 7 പേർ മാത്രമാണ് ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളത്. ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത കർഷകരെ ഭരണസമിതി/ഗ്രാമസഭയിൽ അംഗീകരിക്കണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് നിർവ്വഹണ ഉദ്യോഗസ്ഥൻ സെക്രട്ടറിയ്ക്ക് കത്ത് നൽകിയിരുന്നു.(23.03.18 തീയതിയിലെ KBE13/17-18നം. കത്ത്). എന്നാൽ ടി ലിസ്റ്റ് ഭരണസമിതി അംഗീകരിച്ചുവെങ്കിലും പിന്നീടുള്ള ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങിയിട്ടില്ല.

2. ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പ്രോജക്ട്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| പ്രോജക്ട് നമ്പർ | 159/18 |
| പ്രോജക്ടിന്റെ പേര് | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സഹായം |
| വകയിരുത്തിയ തുക | 890400/- |
| ചെലവ് തുക | 138000/- ബിൽ ബുക്ക് നം. ICDS/5/17 തീയതി 31.10.17<br>41500/- ബിൽ ബുക്ക് നം. ICDS/13/18 തീയതി 20.02.18<br>409798/- ബിൽ ബുക്ക് നം. ICDS/21/18 തീയതി 23.03.18<br>201100/- ചെക്ക് നം. 2078840 തീയതി 02.03.2018<br>100000/- ചെക്ക് നം. 7053682തീയതി 27.03.2018 |

വിവിധ തരത്തിലുള്ള ശാരീരിക മാനസിക വൈകല്യം അനുഭവിക്കുന്ന വിദ്യാർത്ഥികൾക്ക് സഹായം നൽകുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതി പ്രകാരം 49 കുട്ടികൾക്കാണ് ആനുകൂല്യങ്ങൾ ലഭ്യമായത്. ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത 21 പേരെ അടുത്ത ഗ്രാമസഭാ യോഗത്തിൽ ഉൾപ്പെടുത്തി അംഗീകാരം വാങ്ങുന്നതിന് 30.11.17 ൽ ചേർന്ന പഞ്ചായത്ത് കമ്മറ്റി യോഗത്തിൽ തീരുമാനിച്ചിരുന്നു. എന്നാൽ ഗ്രാമസഭ അംഗീകരിച്ചതിന്റെ വിശദാംശം ലഭ്യമല്ല.

ബഹു. കേരള ഹൈക്കോടതിയുടെ 04.04.1997 -ലെ ഒ.പി.നം.18175/96/എൻ കേസിലെ വിധിന്യായത്തിൽ പഞ്ചായത്തുകൾ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനുള്ള അധികാരസ്ഥാനങ്ങൾ അല്ലെന്നും ഗ്രാമസഭയ്ക്ക് മാത്രമാണ് അതിനുള്ള അവകാശമെന്നും

വ്യക്തമാക്കിയിട്ടുണ്ട്. ഗുണഭോക്തൃലിസ്റ്റിന് ഗ്രാമസഭയുടെ അംഗീകാരം വാങ്ങേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-18 അംഗനവാടികളിലെ ഭക്ഷണ വിതരണം - സുതാര്യതയില്ലാതെ

ഗ്രാമപഞ്ചായത്തിൽ നിലവിൽ 24 അംഗനവാടികളാണുള്ളത്. അംഗനവാടികളിൽ നൽകുന്ന ഭക്ഷണത്തിൽ പ്രീ സ്കൂൾ കുട്ടികൾക്ക് ഒരു ദിവസം നിലവിൽ നൽകുന്ന ഭക്ഷണത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രഭാത ഭക്ഷണം- അവൽ/കപ്പലണ്ടി | 10 gm |
| ശർക്കര | 5gm |
| ഉച്ച ഭക്ഷണം - അരി | 50gm |
| പയർ | 15gm |
| ഗോതമ്പ്/റവ | 65gm |
| എണ്ണ | 5gm |
| ഉഴുന്ന് | 5gm |
| വൈകുന്നേരം - പയർ(ആഴ്ചയിൽ 2ദിവസം | 50gm |
| ശർക്കര " | 30gm |
| ഗോതമ്പ് | 130gm |
| എണ്ണ | 8gm |
| ഉഴുന്ന് | 8gm |

ഗ്രാമപഞ്ചായത്തിലെ രണ്ട് അംഗനവാടികളുടെ ഹാജർബുക്ക്,സ്റ്റോക്ക് ബുക്ക്, വിതരണ ബുക്ക് എന്നിവ പരിശോധിച്ചതിൽ ഏതാനും മാസത്തിൽ വിതരണം ചെയ്ത അളവും വിതരണം ചെയ്യേണ്ടുന്ന അളവും ചുവടെ ചേർക്കുന്നു.

| മാസം | അംഗനവാടി നം. | കുട്ടികളുടെ എണ്ണം | വിതരണം ചെയ്ത അളവ് | | വിതരണം ചെയ്യേണ്ടിയിരുന്ന അളവ് | |
|---|---|---|---|---|---|---|
| | | | അരി(കി.ഗ്രാം) | പയർ(കി.ഗ്രാം) | അരി(കി.ഗ്രാം) | പയർ(കി.ഗ്രാം) |
| ഏപ്രിൽ | 37 | 2 | 16.500 | 7.450 | 2.5 | 1.55 |
| | 40 | 2 | 8.650 | 4.995 | ” | ” |
| മെയ് | 37 | 2 | 11.25 | 6.275 | ” | ” |
| | 40 | 2 | 16.25 | 9.025 | ” | ” |
| ജൂൺ | 37 | 2 | 8.400 | 5.365 | ” | ” |
| | 40 | 4 | 8.750 | 6.310 | 5 | 3.1 |
| ജൂലൈ | 37 | 2 | 9.000 | 5.900 | 2.5 | 1.55 |
| | 40 | 4 | 10 | 6.2 | 5 | 3.1 |

അംഗൻവാടികളിലെ കുട്ടികളുടെ പോഷകാഹാര പദ്ധതിയ്ക്കായുള്ള പ്രോജക്ടുകൾ നിർവ്വഹണം നടത്തി കൃത്യമായി മോണിട്ടറിംഗ് നടത്താത്തതു മൂലം അർഹതപ്പെട്ടവർക്ക് തന്നെയാണ് പദ്ധതികൊണ്ടുള്ള പ്രയോജനം ലഭിക്കുന്നതെന്ന് ഉറപ്പാക്കാൻ കഴിയുന്നില്ല. അംഗൻ വാടി ലെവൽ മോണിട്ടറിംഗ് & സപ്പോർട്ടിംഗ് കമ്മറ്റി എല്ലാ മാസവും വാർഡു മെമ്പറുമാരുടെ അദ്ധ്യക്ഷതയിൽ കൂടി പദ്ധതികളുടെ മോണിട്ടറിംഗ് നടത്തേണ്ടതാണെന്ന് മാർഗ്ഗരേഖയിൽ വ്യക്തമാക്കുന്നുണ്ടെങ്കിലും പ്രാവർത്തികമാക്കാത്തതിനാൽ ഭക്ഷണ വിതരണം സുതാര്യമാണെന്ന് ഉറപ്പാക്കുന്നില്ല. ഇതിന്മേൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടേയും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റേയും അടിയന്തിര ഇടപെടൽ ഉണ്ടാകേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം (2017-18)

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 59500 | നെൽക്കൃഷി വികസനം, SO 144 | 59500 | 0 |
| ജില്ലാ പഞ്ചായത്ത് | 100000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സഹായം, SO 159 | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 201100 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സഹായം, SO 159 | 201100 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 100000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി, SO 143 | 100000 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രോജക്ട് നം., പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| KSEB | തെരുവ് വിളക്കുകൾക്ക് മീറ്റർ SO 001/18 | 8,48,000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല |
| KSEB | തെരുവ് വിളക്കുകൾക്ക് സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ, SO 002/18 | 2,17,300 | ” |
| KWA | പൈപ്പ് ലൈൻ നീട്ടൽ SO 003/18 | 1,03,600 | ” |
| KSEB | വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ, SO 004/18 | 34,763 | ” |
| KSEB | സ്ട്രീറ്റ് ലൈൻ നീട്ടൽ, SO 250/18 | 16,87,858 | ” |
| KWA | പൈപ്പ് ലൈൻ നീട്ടൽ, SO 256/18 | 3,00,000 | ” |
| | ആകെ | 3191521 | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

| ക്രമ നം. | പ്രവൃത്തിയുടെ പേര് | കൺവീനർ | ബിൽ വൗച്ചർ നമ്പർ | തുക | ക്രമീകരിച്ചത് | ബാക്കി | റിമാർക്സ് |
|---|---|---|---|---|---|---|---|
| ഇല്ല | | | | | | | |

## 4-4 വായ്പ

(i)വായ്പ / വിനിയോഗം / വീഴ്ചകൾ എന്നിവയുടെ വിവരം

| ക്രമ നം. | 2017-18 ൽ ലഭിച്ച വായ്പ | ഉദ്ദേശ്യം | നിശ്ചിത കാലാവധിയിൽ ചെലവഴിച്ച തുക | വിനിയോഗിയ്ക്കാൻ അവശേഷിക്കുന്നത് | ഉദ്ദേശ്യലക്ഷ്യം നേടിയത് സംബന്ധിച്ച വിവരം |
|---|---|---|---|---|---|
| ഇല്ല | | | | | |

(ii) വായ്പ തിരിച്ചടവിന്റെ വിവരം

| വായ്പയുടെ ഉദ്ദേശ്യം | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ഇല്ല | | | | | |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ ഓഡിറ്റ് കാലയളവിൽ ലഭിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2000-01 | 18,20 | 5000 | നസീർ, മുൻ സെക്രട്ടറി | 117110102374/04.10.17 |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കുവാൻ അവശേഷിക്കുന്നവയുടെ വിവരം ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-1 | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി | പരാമർശം നിലനിൽക്കുന്നു. |
| 2015-16 | 2-9 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി | പരാമർശം ഒഴിവാക്കി. |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 104596902 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 92105113 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3554021 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ഇല്ല | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-9 | 362500 | ശ്രീമതി ബുഷ്റ സി.എം., ഹെഡ്മിസ്ട്രസ്സ് |
| 3-12 | 3191521 | ശ്രീ. കെ.രാജ്കുമാർ, സെക്രട്ടറി |
| ആകെ | 3554021 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | തുക |
|---|---|
| ഇല്ല | |

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1995-96 | എൽ.എഫ്.പി.റ്റി.എ പി3- 771/97 തീയതി 03.06.98 | 3 |
| 1996-97 | എൽ.എഫ്.പി.റ്റി.എ പി3-66/98 തീയതി 08.07.98 | 6 |
| 1997-98 | എൽ.എഫ്.പി.റ്റി.എ പി4-148/07തീയതി 04.12.07 | 3 |
| 1998-99 | എൽ.എഫ്.പി.റ്റി.എ പി4-149/07തീയതി 12.06.07 | 1 |
| 1999-00(വരവ്) | എൽ.എഫ്.പി.റ്റി.എ പി4-481/07തീയതി 16.10.07 | 2 |
| 1999-00 (ചെലവ്) | എൽ.എഫ്.പി.റ്റി.എ പി3-606/00തീയതി 14.08.01 | 7 |
| 2000-01(വരവ്) | എൽ.എഫ്.പി.റ്റി.എ പി4-482/07തീയതി 16.10.07 | 3 |
| 2000-01(ചെലവ്) | എൽ.എഫ്.പി.റ്റി.എ പി2-704/02തീയതി 31.03.03 | 9 |
| 2001-02(ജ.ആ) | എൽ.എഫ്.പി.റ്റി.എ പി2-453/04തീയതി 13.01.05 | |
| 2001-02(ചെലവ്) | എൽ.എഫ്.പി.റ്റി.എ പി4-703/06തീയതി 05.12.06 | 4 |
| 2001-02(വരവ്) | എൽ.എഫ്.പി.റ്റി.എ പി4-647/07തീയതി 16.10.07 | 2 |

| | | |
|---|---|---|
| 2002-03 | എൽ.എഫ്.പി.റ്റി.എ പി2-751/04തീയതി 05.04.05 | 10 |
| 2003-04 | എൽ.എഫ്.പി.റ്റി.എ പി10-474/08തീയതി 27.02.10 | 9 |
| 2004-05 | എൽ.എഫ്.പി.റ്റി.എ പി10-479/08തീയതി 30.03.10 | 9 |
| 2005-06 | എൽ.എഫ്.പി.റ്റി.എപി10-340/10തീയതി06.01.11 | 9 |
| 2006-07 | എൽ.എഫ്.പി.റ്റി.എ പി4-392/11തീയതി 22.11.12 | 18 |
| 2007-08 to10-11 | എൽ.എഫ്.പി.റ്റി.എ പി10-1113/12തീയതി20.03.13 | 21 |
| 2011-12 &12-13 | എൽ.എഫ്.പി.റ്റി.എപി10-588/14തീയതി27.10.14 | 5 |
| 2013-14 | എൽ.എഫ്.പി.റ്റി.എപി10-322/15തീയതി12.06.15 /13.07.15 | 2 |
| 2014-15 | എൽ.എഫ്.പി.റ്റി.എപി10-775/15തീയതി 26.08.2015 | 3 |
| 2015-16 | കെ.എസ്.എ.പി.റ്റി.എ പി.10.1321/16 തീയതി 07.12.2016 | 2 |
| 2016-17 | കെ.എസ്.എ.പി.റ്റി.എ പി.10.669/17 തീയതി 22.06.2017 | 17 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഹബീബ് മുഹമ്മദ്

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.പി.റ്റി.എ.പി10/1357/2018 തീയതി :24.10.2018

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് എന്നിവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ ഏറത്ത് ഗ്രാമ പഞ്ചായത്തിന്റെ 2017-18വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-4ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഏറത്ത് ഗ്രാമപഞ്ചായത്തിന്റെ 2017-18ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഹബീബ് മുഹമ്മദ്

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് പത്തനംതിട്ട

# Annexure-1

# AUDIT CERTIFICATE

No.K.S.A.PTA.P10/1357/2018 Dated :24.10.2018

Certified that I have examined the Annual Financial Statement of Erath Grama Panchayat in Pathanamthitta district for the year ended on 31.03.2018 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under the guidelines isssued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Erath Grama Panchayat for the year 2017-18 except the obeservations in the para 1-4 of my report, properly presents the picture of income and expenditure.

HABEEB MOHAMMED

Deputy Director(H.G.)

Kerala State Audit Department

Pathanamthitta